# എക്സ്പ്രസ് ഹെറാൾഡ്

www.expressherald.com Christian Cultural newspaper

For Private circulation only | 10 Pages | Vol. XX Issue 64 2024 November


## ബയ്ജിംഗ് സീയോൻ ചർച്ചിന്റെ നിരവധി സഭകൾ റെയ്ഡ് ചെയ്തു



ചൈനയിൽ നാല് പള്ളികളിൽ സർക്കാർ റെയ്ഡ് ചെയ്ത് ആരാധനയിൽ പങ്കെടുത്തവരുടെ വിശദവിവരങ്ങൾ ശേഖരിക്കുകയും അവരെ അറസ്റ്റ് ചെയ്ത് പതിനാല് ദിവസത്തേക്ക് തടവിലാക്കുകയും ചെയ്തു. ബെയ്ജിംഗ് സിയോൻ ചർച്ച് വിശ്വാസികൾക്കാണ് ആരാധന സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്നത്. 2018-ൽ സഭാ ഹാളിൽ സിസിടിവി സ്ഥാപിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടെങ്കിലും സഭ അതിന് തയ്യാറല്ലായിരുന്നു. സിസിടിവി സ്ഥാപിച്ചാൽ സംഭവിക്കുന്ന ദുരന്തം എന്തായിരിക്കുമെന്ന് സഭയ്ക്ക് ബോധ്യമുള്ളതുകൊണ്ടാണ് അതിന് സന്നദ്ധത പ്രകടിപ്പിച്ചില്ല. സഭയും രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ല. ബൈബിൽ പഠനത്തിനും ആരാധനയ്ക്കും കമ്യൂണിസ്റ്റ് ഭരണാധികാരികൾ എതിരാണെങ്കിലും അത് എല്ലാം അതിജീവിച്ച് സഭ വളർന്നുകൊണ്ടിരുന്നു. രജിസ്റ്റർ ചെയ്യാത്ത സഭകൾ പലതും ഭൂഗർഭ അറകളിൽ അഥവാ ഒളിവ് ഇടങ്ങളിൽ ആരാധിക്കുന്ന ഒരു കൂട്ടം ക്രിസ്ത്യാനികൾ ഇന്നും അവിടെ നിലവിലുണ്ട്.

## യുഎൻ ഷാങ്ഹായ് ഗ്ലോബൽ അവാർഡ് നേടി തിരുവനന്തപുരം




തിരുവനന്തപുരം നഗരസഭ രാജ്യാന്തര പുരസ്കാരത്തിന്റെ നിറവിൽ. ഇന്ത്യയിൽ നിന്ന് യുഎൻഷാങ്ഹായ് ഗ്ലോബൽ അവാർഡ് നേടുന്ന ആദ്യത്തെ നഗരമായി തിരുവനന്തപുരം. യു.എൻ. ഹാബിറ്റാറ്റിന്റെയും, ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിലുള്ള ആഗോള സംരംഭമാണ് നഗരങ്ങളിലെ സുസ്ഥിര വികസനത്തിനുള്ള പുരസ്കാരത്തിനായി തിരുവനംന്തപുരം കോർപ്പറേഷനെ തിരഞ്ഞെടുത്തത്. ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്ൻ, ബ്രസീലിലെ സാൽവഡോർ, ചൈനയിലെ ഫൂചൗ, മലേഷ്യയിലെ ജോർജ് ടൗൺ, ഉഗാണ്ടയിലെ കംപാല തുടങ്ങിയ നഗരങ്ങളാണ് മുൻവർഷങ്ങളിൽ ഈ പുരസ്കാരം നേടിയത്. ഇന്ത്യയിൽ നിന്ന് ഈ പുരസ്കാരം നേടുന്ന ആദ്യത്തെ നഗരമാണ് തിരുവനംന്തപുരം.


ന്യൂ അർബൺ അജണ്ട് (അജണ്ട 2030) നടപ്പാക്കുന്നതിനായുള്ള നഗരങ്ങളുടെ പുരോഗതി, ഭരണം, പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡ് നിർണയിച്ചത്. ലോകമെമ്പാടുമുള്ള വിവിധ നഗരങ്ങളിൽ നിന്ന് സുസ്ഥിര വികസന പ്രവർത്തനങ്ങൾക്കും, നഗരസുരക്ഷാ മാനദണ്ഡങ്ങൾക്കും, നഗര ശാക്തീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി തിരുവനന്തപുരം നഗരസഭ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഈ അംഗീകാരം ലഭിച്ചിരിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്നുള്ള വിദഗ്ധർ അടങ്ങിയ അന്താരാഷ്ട്ര ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.

2025 ജൂൺ 5 നു ട്രിവാൻഡ്രം ക്ലൈമറ്റ് ബജറ്റ് പ്രഖ്യാപിക്കാൻ ഒരുങ്ങുകയാണ് നഗരസഭ. സുസ്ഥിര നഗരമെന്നും, സോളാർ നഗരമെന്നുമുള്ള നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും നഗരസഭ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. 17000 കിലോവാട്ട് സോളാർ പാനൽ, 2000 സോളാർ തെരുവ് വിളക്കുകൾ, എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി ലൈറ്റാക്കൽ, പൊതുഗതാഗത സൗകര്യത്തിനായി 115 ഇലക്ട്രിക ബസുകൾ, തൊഴിൽ രഹിതർക്കായി 100 ഇലക്ട്രിക്കൽ ഓട്ടോ, 35 ഇലക്ട്രിക് സ്കൂട്ടർ തുടങ്ങി നിരവധി പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയാക്കി. അഞ്ഞൂറിലധികം ഓഫീസുകൾ സോളാർ ആക്കിയതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി നടത്താനിരിക്കുകയാണ്. ഇങ്ങനെ വൈവിധ്യവും വിപുലമായ പ്രവർത്തനങ്ങളാണ് കോർപറേഷൻ നടത്തുന്ന ഈ പ്രവർത്തനങ്ങൾ പുരസ്കാര നേട്ടത്തിന് വഴിയൊരുക്കിയത്.

വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പുരസ്കാരങ്ങളും നഗരസഭയെ തേടിയെത്തിയിട്ടുണ്ട്. മാസങ്ങൾക്ക് മുൻപാണ് കേന്ദ്ര സർക്കാരിന്റെ പ്രധാൻമന്ത്രി സ്വനിധി പ്രെയ്സ് പുരസ്കാരം നഗരസഭ സ്വന്തമാക്കിയത്. കേന്ദ്രസർക്കാരിന്റെ ഹൗസിംഗ് ആൻഡ് ഡെവലപ്മെന്റ് കോർപറേഷൻ ഏർപ്പെടുത്തിയ രണ്ട് ദേശീയ പുരസ്കാരങ്ങൾ അടുത്തിടെ തിരുവനന്തപുരം നഗരസഭ സ്വന്തമാക്കിയിരുന്നു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന് കീഴിലെ ഹഡ്കോ ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ രണ്ട് വിഭാഗത്തിലാണ് തിരുവനന്തപുരം ഒന്നാമതെത്തിയത്. സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിൽ സിറ്റി 2.0 യ്ക്ക് തെരഞ്ഞെടുക്കപ്പെട്ട രാജ്യത്തെ അപൂർവം നഗരങ്ങളിലൊന്നാവാനും തിരുവനന്തപുരത്തിന് കഴിഞ്ഞു.

അമൃത് 1 പദ്ധതി നടത്തിപ്പിലെ മികവിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപയുടെ പ്രത്യക ഇൻസെന്റീവും കേന്ദ്രസർക്കാരിൽ നിന്ന് നഗരസഭ നേടിയെടുത്തിരുന്നു. തുടർച്ചയായ വർഷങ്ങളിൽ സംസ്ഥാനത്തെ മികച്ച നഗരസഭയ്ക്കുള്ള സ്വരാജ് ട്രോഫി, ആർദ്രകേരളം പുരസ്കാരം, വയോസേവന പുരസ്കാരം, ഭിന്നശേഷി സൗഹൃദനഗരസഭ തുടങ്ങി നഗരസഭയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ നീളുന്നു. തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മേയർക്ക് ടൈംസ് ബിസിനസ് ഔട്ട്സ്റ്റാൻഡിംഗ് പെർഫോമൻസ് ഇൻ എനർജി എഫിഷ്യൻസി പുരസ്കാരവും ലഭിച്ചിരുന്നു.

## രാഹുൽ എന്ന സ്നേഹദൂതൻ അമേരിക്കയിൽ




പി. ടി. ചാക്കോ


**മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പ്രസ് സെക്രട്ടറിയായിരുന്ന ലേഖകൻ അമേരിക്കയിൽ സ്വകാര്യ സന്ദർശനത്തിന് എത്തിയതായിരുന്നു.**



സെപ്റ്റംബർ 9ന് വാഷിംഗ്ടൺ ഡിസിയിലെ ഡാളസിലുള്ള ഹിൽട്ടൺ ഹോട്ടലിൽ അമേരിക്കൻ പാർലമെന്റ് മന്ദിരമായ ക്യാപിറ്റോൾ ഹില്ലിന്റെ ചിത്രം ആലേഖനം ചെയ്ത വർണശബളമായ സ്റ്റേജിലേക്ക് ഇന്ത്യയുടെപ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കടന്നുവന്നു. തൂവെള്ള കുർത്തയും പൈജാമയും അണിഞ്ഞെത്തിയ രാഹുൽ നുണക്കുഴിയുള്ള പതിവു ചിരിയിലൂടെ തിങ്ങിനിറഞ്ഞ പ്രവാസികളെ ആദ്യമേ തന്നെ കയ്യിലെടുത്തു. ക്ഷണിക്കപ്പെട്ട സദസ് ആയിരുന്നതിനാൽ പതിവ് ആരവങ്ങൾക്കു പകരം ഏതാനും മുദ്രാവാക്യങ്ങൾ. നെടുങ്കൻ പ്രസംഗങ്ങളില്ല. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ആഗോള അധ്യക്ഷൻ സാം പെട്രോഡയുടെ ഹ്രസ്വമായ ആമുഖ പ്രഭാഷണം.

അമേരിക്കയിൽ സ്വകാര്യസന്ദർശനത്തിനു വന്ന എനിക്ക് ഇതൊരു വീണുകിട്ടിയ അവസരമായിരുന്നു. തിരുവനന്തപുരത്ത് ഭാരത് ജോഡോ യാത്ര വന്നപ്പോഴാണ് ഇതിനു മുമ്പ് രാഹുൽ ഗാന്ധിയെ അടുത്തുകാണുന്നത്. മീഡിയ പാസ് ലഭിച്ചിരുന്നതിനാൽ ഡാളസ് പരിപാടിക്ക് മുൻനിരയിൽ തന്നെ സീറ്റ് ലഭിച്ചു. ചാനലുകൾ പതിവുപോലെ മുന്നിൽ ഇടിച്ചുകയറി. എന്റെ തൊട്ടുമുന്നിൽ നല്ല ഉയരമുള്ള, ആരും പെട്ടെന്നു ശ്രദ്ധിക്കുന്ന സുമുഖനായ പഞ്ചാബി ചാനൽ പ്രവർത്തകൻ. അദ്ദേഹം എന്റെ കാഴ്ച മറച്ചിരുന്നതിനാൽ ഉള്ളിൽ അല്പം ദേഷ്യവും ഉണ്ടായിരുന്നു.




രാഹുൽ ഗാന്ധിയുടെ പ്രസംഗം ആരംഭിച്ചു. ഇന്ത്യയിൽ നിലനിന്ന ഭയത്തിന്റെ അന്തരീക്ഷം ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം പെട്ടെന്ന് അപ്രത്യക്ഷമായെന്ന് അദ്ദേഹം പറഞ്ഞു. കാറിൽ പോകുമ്പോൾ ചിലർ തന്നെ വഴിയിൽ തടഞ്ഞുനിർത്തും. കാറിന്റെ ഡോർ തുറന്ന് ഇപ്പോൾ പഴയ പേടിയില്ലെന്ന് അവർ ചിരിച്ചുകൊണ്ട് പറയും. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പോടെയാണ് മാറ്റം വന്നത്. നരേന്ദ്രമോഡിയുടെ 56 ഇഞ്ച് നെഞ്ചും സൃഷ്ടാവുമായി നേരിട്ടുള്ള ബന്ധവുമൊക്കെ പഴങ്കഥയായി. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന് മൂന്നു മാസം മു


*ശേഷം പേജ് 7* ▸▸

EDITORIAL

രാജു തരകൻ

# പെന്തെക്കോസ്ത് സഭകളിലെ കൈവയ്പ്പ്



പെന്തെക്കോസ്ത് സഭകളിൽ കൈവയ്പ്പ് ഇന്നൊരു ശുശ്രൂഷയായ് മാറിക്കൊണ്ടിരിക്കുകയാണ്. സഭാ കമ്മറ്റിയിലും സഭയുടെ ജനറൽ ബോഡിയോഗങ്ങളിലും കൈവയ്പ്പ് നടന്ന സംഭവങ്ങൾ ഇന്നലെകളുടെ ചരിത്രസംഭവങ്ങളാണ്. അത്തരത്തിലുള്ള കൈവയ്പ്പിനെയല്ല ഇവിടെ പ്രതിവാദിക്കുന്നത്. സുവിശേഷീകരണത്തിനും പ്രാദേശീക സഭയിലെ ആത്മീയശുശ്രൂഷകൾക്കും സഭാശുശ്രൂഷകരെ സഹായിക്കുന്നതിനുമായി തെരഞ്ഞെടുക്കുന്നവരെ സഭയുടെ മേലദ്ധ്യക്ഷന്മാരോ സഭാശുശ്രൂഷകരോ കൈവയ്പ്പോടുകൂടി നിയോഗിക്കുന്ന പതിവ് പെന്തെക്കോസ്ത് സഭകളിൽ നിലവിലുണ്ട്. ദൈവീകവിളിയും ദർശനവും ഉള്ളവരെയാണ് ആത്മീയശുശ്രൂഷകൾക്കായ് നിയോഗിക്കേണ്ടത്. സഭാ മേലദ്ധ്യക്ഷന്മാർക്കും പ്രാദേശീക സഭാശുശ്രൂഷകൾക്കും സഭയിൽ നല്ല സാക്ഷ്യം ഉള്ളവരെ പ്രേഷിതദൗത്യത്തിൽ പങ്കാളികൾ ആക്കുന്നതിൽ അപാകതയില്ല. സ്വാർത്ഥ താല്പര്യങ്ങൾക്കായ് "കൈവയ്പ്പ്" ദുരുപയോഗം ചെയ്യുവാനും പാടില്ല. ദുരുപയോഗം ചെയ്യുമ്പോഴാണ് അത് നാട്ടുകാരുടെ കൈവയ്പ്പിൽ കലാശിക്കുന്നത്. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയോസിന് ലേഖനം എഴുതുമ്പോൾ കുറിച്ച വേദവാക്യം ഈ കാലഘട്ടത്തിലും പ്രത്യേകം ശ്രദ്ധേയമാണ്. അത് ഇപ്രകാരമാണ് "സ്വന്തം കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? അദ്ധ്യക്ഷസ്ഥാനം നല്ലതുതന്നെ. അത് ആഗ്രഹിക്കുന്നതിൽ തെറ്റില്ല. അതോടൊപ്പം അദ്ധ്യക്ഷസ്ഥാനത്തിന്റെ യോഗ്യതയും പൗലൊസ് ഇവിടെ വ്യക്തമാക്കുന്നുണ്ട്. അദ്ധ്യക്ഷൻ നിരപവാദ്യനും ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കണം (1 തിമൊത്തിയോസ് 3:1-5). പ്രേഷിത ദൗത്യത്തിൽ പൗലൊസിന്റെ വിജയം പ്രാർത്ഥനയിലും ഉപവാസത്തിലുമായിരുന്നു. തന്മൂലം ലഭിക്കുന്ന ആലോചനയാൽ പൗലൊസ് മൂപ്പന്മാരെ നിയമിച്ചു. വിശ്വാസികളുടെ ആത്മീയ ഭോഷണത്തിനും സഭകളുടെ ആത്മീയവളർച്ചയ്ക്കും അത് ഉപകരിച്ചു. അദ്ധ്യക്ഷൻ ആകുക അഥവാ പാസ്റ്റർ ആകുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തനിക്കും മറ്റുള്ളവർക്കും ലോകസുവിശേഷീകരണത്തിനും പ്രയോജനപ്പെടണം എന്നതാണ് ലക്ഷ്യമാക്കുന്നത്. പദവികളും സ്ഥാനമാനങ്ങളും ലഭിക്കുമ്പോൾ അതിനെ അന്ധകാരത്തിന്റെ കുപ്പായമണിഞ്ഞ് ആത്മീയശുശ്രൂഷകളെ അവഗണിക്കുന്നത് ദൈവമുമ്പാകെ അനീതിയാണ്.

രണ്ട് വിധത്തിലുള്ള കൈവയ്പ്പിൽ, സഭാ മേലദ്ധ്യക്ഷന്മാരോട് ആവശ്യപ്പെട്ട് ലഭിക്കുന്ന കൈവയ്പ്പും ദൈവീകനിയോഗത്താൽ ലഭിക്കുന്ന കൈവയ്പ്പിലും വലിയ വ്യത്യാസം മറ്റുള്ളവർക്ക് ബോദ്ധ്യപ്പെടും. ആത്മനിറവിൽ ദൈവീക ശുശ്രൂഷ നിർവ്വഹിക്കുന്നവരാണ് യഥാർത്ഥ കൈവയ്പ്പ് സ്വീകരിച്ചവർ, അല്ലാത്തവർ തങ്ങളുടെ പേരിനൊപ്പം റവറന്റ്, പാസ്റ്റർ തുടങ്ങിയ നാമങ്ങൾ ചാർത്തി സംതൃപ്തിയടയുമ്പോൾ അവരെ റവറന്റ് ആക്കിയവരും ശിക്ഷിക്കപ്പെടും എന്നതാണ് യാഥാർത്ഥ്യം.

ലോകസുവിശേഷീകരണത്തിനായ് പ്രവർത്തിക്കാനുള്ള സമയമാണിത്. കൈവയ്പ്പ് ഇല്ലെങ്കിലും ദൈവീകവിളിയും തെരഞ്ഞെടുപ്പും ഉണ്ടെങ്കിൽ എല്ലാ ദൈവജനങ്ങൾക്കും ലോകസുവിശേഷീകരണത്തിൽ പങ്കാളികളാകാവുന്നതാണ്.


## Editorial Board

രാജു തരകൻ
(ചീഫ് എഡിറ്റർ)

തോമസ് മുല്ലയ്ക്കൽ
(എക്സിക്യൂട്ടിവ് എഡിറ്റർ)

ഷാജി മണിയാറ്റ്
(എക്സിക്യൂട്ടിവ് എഡിറ്റർ)

റവ. ഡോ. എ. യു ജോർജ്
(എക്സിക്യൂട്ടിവ് എഡിറ്റർ)

റവ. പി. പി. ചെറിയാൻ
(അസ്സോസിയേറ്റ് എഡിറ്റർ)

റവ പൊടിയൻ തോമസ്
(അസ്സോസിയേറ്റ് എഡിറ്റർ)

വാർത്തകൾ,
പരസ്യങ്ങൾ
മറ്റുരചനകൾ
അയയ്ക്കേണ്ട വിലാസം

news@expressherald.com | www.expressherald.com

469 274 2926


# ലോകത്തിലെ ഏറ്റവും സുന്ദരമായതെന്തെന്ന് ചോദിച്ചാൽ ഞാൻ പറയും 'എന്റെ അമ്മ'

സണ്ണി മാളിയേക്കൽ





അമ്മ, ലോകത്തിലെ ഏറ്റവും സുന്ദരമായ എന്തെന്ന് ചോദിച്ചാൽ ഞാൻ പറയും 'എന്റെ അമ്മ' എന്ന്. അമ്മയെന്ന വാക്കിൽ സ്നേഹവും,കരുണയും, കരുതലും എല്ലാമുണ്ട്.

എല്ലാ വ്യക്തികളുടെയും ജീവിതത്തിൽ ഏറ്റവും വലിയ സ്നേഹം അനുഭവിച്ചത് അമ്മയിൽ നിന്ന് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

എനിക്ക് എല്ലാം തന്നു പക്ഷെ ഒന്നും തിരിച്ചു ചോദിച്ചിട്ടില്ല. അമ്മയുടെ സാമീപ്യം സ്നേഹം മാത്രമല്ല, കരുതലും ഒരു സംരക്ഷണ വലയം തന്നെയാണ്. എന്റെ അമ്മ ഒരു സാധാരണ വീട്ടമ്മ ആയിരുന്നു. സംഘർഷ ഭരിതമായ ജീവിതത്തിൽ, ഒരു അധ്യാപിക പോലെ എങ്ങനെ ജീവിക്കണം,എന്ത് ചെയ്യണം, എന്ത് ചെയ്യരുത് എന്ന് പറഞ്ഞു തരുവാനുള്ള ആർജ്ജവം എവിടെ നിന്ന് കിട്ടിയെന്ന്, ഇന്ന് ചിന്തിക്കുമ്പോൾ, ഉത്തരമില്ല. ഞാൻ എന്റെ സഹോദരിമാരെയും, ബന്ധുക്കളെയും കരുതുന്നു എങ്കിൽ, ഞാനെന്റെ ഭാര്യയെ ഏറെ ഇഷ്ടപ്പെടുമ്പോൾ, എന്റെ മക്കളെയും, കൊച്ചുമക്കളെയും സ്നേഹിക്കുന്നു എങ്കിൽ, ഒരു നല്ല പൗരനായ ജീവിക്കുന്നു എന്ന് മറ്റുള്ളവർക്ക് തോന്നുന്നുവെങ്കിൽ അതിന്റെ എല്ലാം പുറകിൽ ഒരു വാക്കുണ്ട് 'എന്റെ അമ്മ'.

1980, ഒക്ടോബർ മാസത്തിലെ മൂന്നാമത്തെ തിങ്കളാഴ്ച വൈകുന്നേരം 8 മണിക്ക്, ആ കണ്ണുകൾ എന്നെന്നേക്കുമായി അടയുമ്പോൾ..... ആൾക്കൂട്ടത്തിൽ ഞാൻ തനിച്ചായി പോകുമെന്ന് കരുതിയിരുന്നില്ല....

വീണ്ടും കാണും എന്ന ഉറച്ച പ്രത്യാശയിൽ...

# ഡാളസ് കേരളാ അസോസിയേഷൻ നവംബർ 16ന് ജന്മദിനാഘോഷം നടത്തി

പി പി ചെറിയാൻ

ഡാളസ്: കേരളാ അസോസിയേഷൻ കേരളത്തിന്റെ അറുപത്തെട്ടാമത് പിറന്നാൾ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. 2024 നവംബർ 16 ശനിയാഴ്ച കേരളീയം എന്ന പേരിലാണ് കേരളം പിറവി സംഘടിപ്പിച്ചത്. ഭരതനാട്യം, മോഹിനിയാട്ടം, തിരുവാതിര, മാർഗംകളി, ഒപ്പന, കേരളനടനം, തെയ്യം തുടങ്ങിയ കേരളത്തനിമയാർന്ന കലാപരിപാടികളുമായി തകർപ്പൻ ഒരാഘോഷമാണ് നടന്നത്.ഗാർലൻഡിലെ സെന്റ് തോമസ് സീറോ മലബാർ ചർച്ച് ജൂബിലി ഹാളിലാണ് പരിപാടികൾക്ക് തിരശീല ഉയർന്നത്. എല്ലാവരെയും കേരളീയത്തിലേക്കു സ്വാഗതം ചെയ്തു.




പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, ദീപക് മടത്തിൽ, സുബി ഫിലിപ്പ്, വിനോദ് ജോർജ് ,സാബു മാത്യു, ജെയ്സി രാജു, സാബു മുക്കാലടിയിൽ, അഗസ്റ്റിൻ ബേബിറ്റ് കൊടുവത്ത് ഫ്രാൻസിസ് ആംബ്രോസ് ഡിംപിൾ ജോസഫ് എന്നിവരാണ് കേരളീയം വൻ വിജയമാകുന്നതിനുവേണ്ടി പ്രവർത്തിച്ചത്.

# ചരിത്രം രചിച്ച് ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ അമരക്കാരനായി

ന്യൂയോർക്ക്: അമേരിക്കയുടെ 'സുവർണ്ണ കാലഘട്ടം' ഇതായിരിക്കുമെന്ന് പറഞ്ഞ ട്രംപ് രാജ്യം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ വിജയമാണിതെന്നും അവകാശപ്പെട്ടു. ഇതോടെ ഇഞ്ചോടിച്ച് പോരാട്ടം നടന്ന അരിസോന, നെവാഡ, വിസ്കോസെൻ, മിഷിഗൻ, പെൻസിൽവേനിയ, നോർത്ത് കാരലൈന, ജോർജിയ എന്നി ഏഴ് ചാഞ്ചാട്ട സംസ്ഥാനങ്ങളിലും ഡെമോക്രാറ്റിക് സ്ഥാനാർഥി കമല ഹാരിസിനെ ട്രംപ് പരാജയപ്പെടുത്തി.

തെരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടത് 270 വോട്ട് എന്നിരിക്കേ, വ്യക്തമായ ആധിപത്യമാണ് ട്രംപ് നേടിയത്. യുഎസ് സെനറ്റിൽ വ്യക്തമായ ഭൂരിപക്ഷം നേടിയ റിപ്പബ്ലിക്കൻ പാർട്ടി ജനപ്രതിനിധി സഭയിലും ഭൂരിപക്ഷം നേടുമെന്ന പ്രതീക്ഷയിലാണ്. സെനറ്റിൽ റിപ്പബ്ലിക്കൻ പക്ഷത്തിന് 52 സീറ്റ് ഉണ്ട്. ഡെമോക്രാറ്റുകൾക്ക് 47.



മാസങ്ങൾ നീണ്ട വാശിയേറിയ പ്രചാരണത്തിനൊടുവിലാണ് യുഎസ് ജനത വിധിയെഴുതിയത്. യുഎസിൽ 538 ഇലക്ടറൽ കോളജ് വോട്ടുകളാണ് ഉള്ളത്. ആകെ വോട്ടർമാർ 16 കോടിയാണ്. ഏഴു കോടി പേർ മുൻകൂർ വോട്ടു ചെയ്തിരുന്നു. 78-ാം വയസ്സിൽ വൈറ്റ് ഹൗസിലേക്ക് വീണ്ടും എത്തുന്ന ട്രംപ് 2016-2020 കാലത്ത് പ്രസിഡന്റായിരുന്നു.

# ആരാധനയ്ക്ക് ഇടയിലാണോ വളർത്തു മൃഗങ്ങൾക്ക് പുല്ല് കൊടുക്കുന്നത്?



പാസ്റ്റർ കെ. ജോയി

കർത്താവിന്റെ വേലക്കാരൻ തന്റെ ശുശ്രൂഷയിൽ സർവ്വദാ ചുമതലാ ബോധമുള്ളവനായിരിക്കണം. അവന് ഇഹത്തിൽ വളരെ കുറച്ചു സമയം മാത്രമേ വിശ്രമിപ്പാൻ ഉള്ളൂ. പ്രശസ്ത സുവിശേഷ പ്രവർത്തകനായ ബില്ലി ഗ്രഹാം തന്റെ ശുശ്രൂഷകളിൽ എപ്പോഴും ജാഗ്രതയുള്ളവനായി വിശ്രമമെന്യേ പ്രവർത്തിച്ചു വന്നിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലയളവിൽ താൻ ചെയ്ത ഒരു പ്രസ്താവന ശ്രദ്ധേയമാണ്, "സുവിശേഷ ശുശ്രൂഷയിൽ നിന്നും വിശ്രമിക്കുന്നതായി ബൈബിളിൽ എങ്ങും കാണുന്നില്ല. തീവ്രയത്നങ്ങളിൽ നിന്നും ഞാൻ ഒഴിഞ്ഞിരിക്കണം എന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. എന്നാൽ അന്ത്യശ്വാസം വരെ കർത്താവിന്റെ ശുശ്രൂഷയിൽ ഉറ്റിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു." താഴെപ്പറയുന്ന വേദഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

"യുദ്ധത്തിൽ സേവാ വിമോചനമില്ല" സഭാ. 8:8.

"യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ," യിരെ. 48:10.

"കർത്താവു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളൂ" പ്രവൃ. 20:24.

"രാവിലെ നിന്റെ വിത്തു വിതയ്ക്ക; വൈകുന്നേരത്തും നിന്റെ കൈ ഇളച്ചിരിക്കരുത്; ഇതോ, അതോ, ഏതു സഫലമാകും എന്നും രണ്ടും ഒരുപോലെ നന്നായിരിക്കുമോ എന്നും നീ അറിയുന്നില്ലല്ലോ" സഭാ. 11:6.

ഭൂമിയിലുള്ള സകല ജീവികൾക്കും തങ്ങളുടെ പ്രാണൻ വിലയേറിയതാണ്, എന്നാൽ സമർപ്പണമുള്ള ഒരു ശുശ്രൂഷകനു തന്റെ പ്രാണനെക്കാൾ വലിയത് സുവിശേഷീകരണമാണ് (പ്രവൃ. 20:24). സുവിശേഷവേല ഒഴിച്ചുള്ള സമയം സാഹിത്യസേവനത്തിനായി ഉപയോഗിച്ചു കൂടെ എന്ന് ഒരാൾ മഹാകവി കെ.വി. സൈമൺ സാറിനോടു ചോദിച്ചപ്പോൾ, അങ്ങനെ ഒരു സമയം എനിക്കില്ല, സുവിശേഷവേല ഒഴിഞ്ഞൊരു സമയം കണ്ടെത്താൻ കഴികയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "സെബൂലുൻ പ്രാണനെ ത്യജിച്ച ജനം. നഫ്താലി പോർക്കള മേടുകളിൽ തന്നെ" (ന്യായ. 5:18). ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിനു സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു എന്നത്രേ പൗലൊസ് പറയുന്നത് (2 കൊരി. 6:3,4). നെഹെമ്യാവും കൂട്ടരും യെരുശലേമിന്റെ മതിലുകൾ പണിയുവാൻ നെഹെമ്യാവും കൂട്ടരും യെരുശലേമിന്റെ മതിലുകൾ പണിയുവാൻ തുടങ്ങിയപ്പോൾ, തങ്ങളുടെ ശത്രുക്കളിൽ നിന്നും ശക്തമായ എതിർപ്പുകളാണു നേരിടേണ്ടി വന്നത്. എങ്കിലും ഒരു കൂട്ടം ആളുകൾ നേരം വെളുക്കുമ്പോൾ തുടങ്ങി നക്ഷത്രം പ്രകാശിക്കുന്നതു വരെ കുന്തം പിടിച്ചു നിന്നു; 'ഞാനോ എന്റെ സഹോദരന്മാരോ എന്റെ ബാല്യക്കാരോ എന്റെ കീഴിലുള്ള കാവൽക്കാരോ ആരും ഉടുപ്പു മാറിയില്ല; കുളിക്കുന്ന സമയത്തു കൂടെയും ആയുധം ധരിച്ചിരുന്നു' (നെഹെ. 4:21, 23). അജപാലനത്തിൽ ഉറ്റിരുന്ന യാക്കോബ് സ്വപ്നം കണ്ടതുപോലും ആടുകളെക്കൂറിച്ച് ആയിരുന്നതുപോലെ യഥാർത്ഥ ശുശ്രൂഷകന്റെ അബോധമനസ്സിൽ പോലും ആത്മാക്കൾ ആയിരിക്കും ചിന്താവിഷയം (ഉല്പ 31:10–12).

'നാം കർത്താവിന്റെ വചനം അറിയിച്ച പട്ടണങ്ങൾ തോറും പിന്നെയും ചെന്നു സഹോദരന്മാർ എങ്ങനെയിരിക്കുന്നു എന്നു നോക്കുക.' പൗലൊസ് ബർന്നബാസിനോടു പറയുന്ന വാക്കുകളിൽ നിന്നും ശുശ്രൂഷയിൽ പൗലൊസിനുണ്ടായിരുന്ന തീക്ഷ്ണത വെളിപ്പെടുന്നു (പ്രവൃ. 15:35). വിശ്വസ്തനായ ദാസന്റെ മുഖ്യചിന്താവിഷയം യജമാനന്റെ വേലയുടെ വ്യാപ്തി എന്നതായിരിക്കും. അങ്ങനെയുള്ള ഭൃത്യന്മാർ ഇഹത്തിലും പരത്തിലും അതിന്റെ നന്മകളെ കാണും. ചീട്ടുകളി, പൊട്ടച്ചൊൽ, കളിവാക്കുകൾ എന്നിവയിൽ രസിക്കയും, സാമൂഹിക, രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടു പരസ്യസ്ഥലങ്ങളിലും നാൽക്കവലകളിലും കടകളിലും ഇരുന്നു സമയം പാഴാക്കുകയും ചെയ്യുന്ന ശുശ്രൂഷകന്മാർക്ക് അയ്യോ കഷ്ടം! അവർ യജമാനനു അപമാനം വരുത്തിവയ്ക്കുന്നവരാണ്. ബോവസിന്റെ വയലിൽ കതിർ പെറുക്കുവാൻ ഇറങ്ങിയ രൂത്തിനെപ്പറ്റി കൊയ്ത്തുകാരുടെ മേലാളായിരുന്ന ഭൃത്യന്റെ സാക്ഷ്യം ശ്രദ്ധേയമാണ്: 'അവൾ കാലത്തു വന്നു, ഇതുവരെ പെറുക്കിക്കൊണ്ടിരിക്കുന്നു. വിട്ടിൽ അല്പനേരമേ താമസിച്ചുള്ളൂ' (രൂത്ത് 2:7).

വിശ്രമവേളകൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഒരുവന്റെ സ്വഭാവം നിർണ്ണയിക്കപ്പെടുന്നത്. സർക്കാർ ജീവനക്കാർ ഇതര ജോലികളിൽ ഏർപ്പെടുന്നതു നിയമപരമായി കുറ്റകരമാണ്. രാജാവിന്റെ കാര്യം തിടുക്കമുള്ളത് എന്നു 1 ശമൂ. 2:18ൽ കാണുന്ന പ്രകാരം, കർതൃദാസന്മാർ രാജാവിന്റെ ശുശ്രൂഷയിൽ ബദ്ധശ്രദ്ധമായിരിക്കണം. ശരീരത്തിൽ വളരെ ബലഹീനൻ ആയിരുന്നു എങ്കിലും ആത്മാവിൽ വളരെ എരിവുള്ളവനും, അവിശ്രമം കർത്താവിന്റെ വേലയിൽ അദ്ധ്വാനിച്ചിരുന്നവനും ആയിരുന്നു പാസ്റ്റർ വി. എ. തോമസ്. വളരെ പ്രഗത്ഭനായിരുന്ന ഈ കർതൃദാസനെ ചിലർ ഗുണദോഷിച്ചു. ശാരീരികമായി അല്പം വിശ്രമിക്കണം എന്നും ഇങ്ങനെ തിരക്കുള്ള പ്രോഗ്രാം എടുക്കരുതെന്നും ആലോചന പറഞ്ഞപ്പോൾ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'നിങ്ങൾ ഒക്കെ തച്ചു പണിക്കാരാണ്. ഞാൻ ഉടമ്പടി പണിക്കാരനാണ്. യജമാനൻ എനിക്കു തന്ന വേല തികച്ചിട്ടു വേഗം എനിക്ക് വീട്ടിൽ പോകണം.' അദ്ദേഹം പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. തന്റെ ശുശ്രൂഷ അതിവേഗം തികച്ചിട്ടു വീട്ടിലേക്കു പോയി.

കർത്താവിന്റെ വേലക്കാർ ശാരീരികമായി അല്പം പോലും വിശ്രമിക്കരുത് എന്നല്ല മേലെഴുതിയതിന്റെ ഉദ്ദേശ്യം. ശരീരത്തിനു വിശ്രമം, ഉറക്കം, ഭക്ഷണ പാനീയങ്ങൾ എന്നിവയെല്ലാം വളരെ ആവശ്യമാണ്. എന്നാൽ യജമാനന്റെ ശുശ്രൂഷ എത്രയും വേഗം തികച്ചെടുക്കണം എന്ന അതീവ താല്പര്യത്തിൽ തങ്ങളുടെ വിശ്രമസമയം പരിമിതപ്പെടുത്തുകയാണു വേണ്ടത്. 'വീട്ടിൽ അല്പനേരമേ താമസിച്ചുള്ളൂ' എന്നു രൂത്തിനെക്കുറിച്ചുള്ള സാക്ഷ്യം ഈ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നു. 'ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ' എന്ന പ്രബോധനം റോമർ 12:11ലും നാം കാണുന്നുവല്ലോ.

ഏതു ബലഹീനനെയും ദൈവം ഉപയോഗിക്കും. എന്നാൽ അലസനെ ദൈവം ഉപയോഗിക്കുകയില്ല. 'നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്ത ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവിൻ' (ലൂക്കൊ. 17:10), നമ്മുടെ കർത്താവിന്റെ അരുമ ശിഷ്യനും ശ്രേഷ്ഠ അപ്പൊസ്തലനുമായിരുന്ന പത്രൊസ് പ്രായാധിക്യത്തിൽ എത്തിയപ്പോൾ തന്നിൽ അവശേഷിച്ച സർവ്വബലവും സമാഹരിച്ചുകൊണ്ടു ഇപ്രകാരം എഴുതി, 'ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം നിങ്ങളെ ഓർപ്പിച്ചുണത്തുക യുക്തം എന്നു വിചാരിക്കുന്നു.' തന്റെ കൂടാരം പൊളിഞ്ഞു പോകും മുമ്പേ തന്നെ ഭരമേല്പിച്ച ശുശ്രൂഷ നിവർത്തിപ്പാൻ പത്രൊസ് ബദ്ധശ്രദ്ധനായിരുന്നു. മരണം മൂലം ശാരീരികമായി തനിക്കു അസാദ്ധ്യമായതു തന്റെ ലേഖനം തുടർന്നു ചെയ്തുകൊള്ളും എന്നു തനിക്ക് ഉറപ്പുണ്ടായിരുന്നു (2 പത്രൊ. 1:1214). യഥാർത്ഥ കർത്തൃദാസൻ അടുത്ത തലമുറയെപ്പറ്റിയും വിചാരമുള്ളവനാണ് (സങ്കീ. 71:18). മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നു ഹാബേലിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു (എബ്രാ. 11:4).

സഭായോഗം നടന്നുകൊണ്ടിരിക്കുമ്പോൾ കൂടെക്കൂടെ വെളിയിൽ ഇറങ്ങുകയും തിരിച്ചു വന്നു ശുശ്രൂഷകൾ തുടരുകയും ചെയ്യുന്നതു പതിവാക്കിയ ഒരു പാസ്റ്ററെ സഭയിലെ ചില വിശ്വാസികൾ ചോദ്യം ചെയ്ത സംഭവം ഒരിക്കൽ 'ശുശ്രൂഷകൻ' മാസികയിൽ നിന്നും വായിപ്പാനിടയായി. യോഗ മധ്യത്തിൽ നിന്നും പാസ്റ്റർ ഇറങ്ങിപ്പോയത് തന്റെ വളർത്തുമൃഗങ്ങൾക്കു തീനും വെള്ളവും കൊടുക്കുവാനായിരുന്നുപോലും. ലേശവും പരുങ്ങൽ കൂടാതെ തന്റെ ആത്മീയ അജഗണങ്ങളോടു താൻ മറുപടി പറഞ്ഞതിപ്രകാരമാണ്: 'ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്, അവയെയും ഞാൻ നടത്തേണ്ടതാകുന്നു.' പാസ്റ്ററുടെ ചങ്കൂറ്റം വലിയതു തന്നെ. ഇന്ത്യയിൽ നിന്നും അമേരിക്കയിൽ വന്നുചേർന്ന ഒരു സന്ദർശക ശുശ്രൂഷകൻ, താൻ പ്രസംഗിച്ചു കൊണ്ടുനിൽക്കുമ്പോൾ ഇടയ്ക്ക് ഒരു പാട്ടു പാടിയശേഷം പ്ലാറ്റ്ഫോറത്തിൽ നിന്നും പെട്ടെന്ന് ഇറങ്ങിപ്പോകുന്നതു കണ്ടു. ഏതോ അത്യാവശ്യം പ്രമാണിച്ച് യോഗം തീരും മുമ്പേ ഇറങ്ങിപ്പോയ ഒരു സഹോദരനോട് അദ്ദേഹത്തിന്റെ ഭവനം സന്ദർശിക്കാനുള്ള സമയം ചോദിക്കാനായിരുന്നു ഈ ഇറങ്ങിപ്പോക്ക് എന്ന് പിന്നീടു മനസ്സിലായി. ശുശ്രൂഷ അപമാനിക്കപ്പെടുന്നതിന്റെ മറ്റൊരു ദൃഷ്ടാന്തമാണിത്.

ഉത്തരവാദിത്വമുള്ള ഒരു ശുശ്രൂഷകനും പ്രാർത്ഥനാ സമയം മറ്റൊന്നിനും ഉപയോഗിക്കയില്ല. ദൈവസന്നിധിയെ സഗൗരവം കണക്കിലെടുക്കേണ്ടത് ശുശ്രൂഷകന്മാർ ആണല്ലോ. വിവാഹത്തിന്റെയും ശവസംസ്ക്കാരത്തിന്റെയും വീഡിയോ കാണുമ്പോഴാണ് ഇക്കാര്യത്തിൽ പലരും കാണിക്കുന്ന അക്ഷന്തവ്യമായ കൃത്യവിലോപം എത്രമാത്രമാണെന്നു മനസ്സിലാകുന്നത്.

ആരാധനയും പ്രാർത്ഥനയും വചനശുശ്രൂഷയുമൊക്കെ ഒരുവശത്തു നടക്കുമ്പോൾ, പരിചയപ്പെടൽ, ഹസ്തദാനം, കുശലപ്രശ്നങ്ങൾ തുടങ്ങിയവ മറുവശത്ത് ഭംഗമില്ലാതെ നടക്കുന്നു. ശുശ്രൂഷകളെയും ശുശ്രൂഷകന്മാരെയും വിമർശിക്കുവാനും ചിലർ ഈ സമയം ഉപയോഗിക്കുന്നു. ഇവയെല്ലാം മുൻനിരയിൽ ഇരുന്നുകൊണ്ട് ശുശ്രൂഷകന്മാർ കാണിക്കുന്ന വികൃതികൾ തന്നെ.

ജനവും ഇത് അനുകരിപ്പാൻ ഇടയായാൽ പിന്നെ യോഗത്തിന്റെ അന്തരീക്ഷം എത്ര ശോചനീയം! ക്രിസ്തീയ ശുശ്രൂഷയുടെ ഘനവും ഗൗരവവും ജനമദ്ധ്യത്തിൽ ഉയർത്തിക്കാണിക്കേണ്ടത് ശുശ്രൂഷകർ തന്നെയാണ്. രാജാവിന്റെ മഹത്വമുള്ള ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയ രാജസേവകരാണല്ലോ നാം. കാശിനു പോലും വിലയില്ലാത്ത ഐഹിക ലാഭങ്ങൾക്കായി ഈ മഹത്വമുള്ള ശുശ്രൂഷ വെച്ചു മാറുവാനോ, കൃത്യവിലോപങ്ങളാൽ അതിന്റെ ഘനം കുറയ്ക്കുവാനോ ഒരു കാലവും നമുക്ക് ഇടയാകരുത്. 'ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിന് ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്ക് ഹേതു കൊടുക്കാതെ സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു' (2 കൊരി. 6:3,4).

# പകൽ അന്തിയോളം കുറ്റപ്പെടുത്തലും രാത്രിയായാൽ ചേർത്തുപിടിക്കലും ഒരു പങ്കാളിയും ഇഷ്ടപ്പെടുന്നില്ല



അഡ്വ. ദീപ ജോസഫ്




പണ്ടൊക്കെ വിവാഹ മോചനം വലിയ അപരാധമായി കരുതിയിരുന്നു എങ്കിൽ ഇന്നത് ഒരു നിത്യ സംഭവം ആയി മാറിയിരിക്കുന്നു.. എന്റെ അനുഭവങ്ങളിൽ നിന്നൊരു തുറന്നെഴുത്ത് ആവട്ടെ ഈ കുറിപ്പ്..

വിവാഹം എന്നാൽ ആണിന് ഇണയും പെണ്ണിന് തുണയും.. സ്നേഹമെന്ന പൊന്നു നൂലുകൊണ്ട് ബന്ധിപ്പിച്ച് സുഖവും ദുഖവും പരസ്പരം പങ്കിട്ട് ഓരോ ദിനങ്ങളും ആസ്വദിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഒരുമിച്ച് ചേരുന്ന ചടങ്ങ്.. അവിടെ ദുഖവും സങ്കടവും സന്തോഷവും പരിഭവവും ആശ്വസിപ്പിക്കലും മാത്രമല്ല മനസ്സും ശരീരവും പങ്ക് വെക്കുന്ന സ്വർഗീയ അനുഭവങ്ങളുടെ കലവറ.. അങ്ങനെ ഉള്ള പങ്ക് ചേരലിൽ നിന്നും സ്നേഹമുള്ള ഓമനത്വമുള്ള മക്കൾ ജനിക്കുന്നു. അങ്ങനെ കുടുംബം കൂടുമ്പോൾ ഇമ്പമുള്ളത് .. ആയി മാറുന്നു..

വളരെ പ്രതീക്ഷയോടെ ആണ് എല്ലാവരും വിവാഹ ജീവിതത്തിലേക്ക് കടക്കുന്നത്. സ്വപ്നങ്ങളും സങ്കല്പങ്ങളും ഇല്ലാതെ ഒരു പുരുഷനും താലി കെട്ടാനോ ഒരു സ്ത്രീയും ആ താലിക്കായി കഴുത്തു കുനിച്ചു നിൽക്കാനോ പോകുന്നില്ല എന്നതാണ് സത്യം.. സന്തോഷമായി വിവാഹം കഴിഞ്ഞാൽ പിന്നെ എന്താണ് സംഭവിക്കുന്നത്?

അമ്മായിയമ്മ എന്നും വില്ലത്തിയായി മാറുന്നത് ഒട്ടുമിക്ക കേസുകളിലും കാണുന്നു.. മകൾക്കു അമ്മ കൊടുക്കുന്ന ഉപദേശം ഭർത്താവിന്റെ വീട്ടിൽ ദോഷമാകുന്നു.. ഭർത്താവിന്റെ അമ്മ പൂതനയായ അമ്മായിയമ്മ ആയി മാറുന്നു.. അവസാനം അതൊരു വിവാഹ മോചനത്തിൽ എത്തുന്നു.. ആര് നേടി?? അതിനിടയിൽ ഉണ്ടാകുന്ന മക്കൾ... അവർ വട്ട പൂജ്യമാകുന്നു..

ദമ്പതിമാരൂടെ ഇടയിലെ സെക്സ് അതും പൊരുത്തപ്പെടാൻ കഴിയാതെ വരുമ്പോൾ വിവാഹ മോചനത്തിലേക്കു നയിക്കുന്നു.. പലപ്പോഴും പങ്കാളികളുടെ ഇഷ്ടാനിഷ്ടങ്ങൾ, ആഗ്രഹങ്ങൾ,ജോലികൾ, മാനസിക അവസ്ഥകൾ വിഭിന്നമാണെന്നെരിക്കെ നിർബന്ധിത രീതികളും ക്രൂരമായ പെരുമാറ്റവും ഒക്കെ ആസ്വാദനത്തെക്കാൾ ഇറിറ്റേഷൻ ഉണ്ടാക്കുന്നു എന്ന് തിരിച്ചറിയുക.. പരസ്പര സ്നേഹവും ബഹുമാനവും പങ്കാളിയെ മനസ്സിലാക്കാൻ ഉള്ള കഴിവുമുള്ള കിടപ്പറകൾ അവിടെയാണ് യഥാർത്ഥ സ്നേഹത്തിന്റെ പ്രതിഫലനം. പകൽ അന്തിയോളം ചീത്തയും കുറ്റപ്പെടുത്തലും.. രാത്രി ആയാൽ കൂടെ കിടക്കാൻ ചേർത്തു പിടിക്കലും ഒരു പങ്കാളിയും ഇഷ്ടപ്പെടുന്നില്ല..

പണത്തെ കുറിച്ചുള്ള ആർത്തി.. അഹങ്കാരം അസൂയ, ജാഡ

ശേഷം പേജ് 5

# മെയിൽ ഇൻ ബാലറ്റുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



ഏബ്രഹാം തോമസ്

**ഡാലസ്:** യുഎസ് പ്രസിഡണ്ട്, പൊതു തിരഞ്ഞെടുപ്പുകൾ നവംബർ 5 നു നടക്കുകയാണ്. നേരിട്ട്, ഇൻ പേഴ്സൺ ആയി ഹാജരായി വോട്ട് രേഖപ്പെടുത്താം. അല്ലെങ്കിൽ പ്രായം 65 വയസു കഴിഞ്ഞു എങ്കിലോ, ശാരീരികമായ പരിമിതികളുണ്ടെങ്കിലോ, ഈ തീയതിയിൽ യുഎസിൽ ഉണ്ടാവുകയില്ലെങ്കിലോ (പിന്നെയും ചില സാഹചര്യങ്ങളിലും) ബാലറ്റുകൾ മെയിലിൽ അയക്കുവാൻ കഴിയും. ഇതിനു ഒരു അപേക്ഷ നൽകിയാൽ പൂരിപ്പിക്കേണ്ട ബാലറ്റുകൾ വീട്ടിലേക്കു അയച്ചു തരും.

ഈ ബാലറ്റുകൾ പൂരിപ്പിച്ചു തിരിച്ചയക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ബാലോട്ട് അതിന്റെ കവറിലാക്കി മറ്റൊരു കവറിൽ നിക്ഷേപിച്ചു സ്വയം ഒരു പോസ്റ്റ് ഓഫീസിൽ ബോക്സിൽ ഇടുകയാണ് ഉത്തമം. ഈ കവറിനു മുകളിൽ ബാലോട്ട് ആവശ്യപ്പെട്ടപ്പോൾ നൽകിയ ഒപ്പു തന്നെ നൽകണം. ഒപ്പുകൾക്കു തമ്മിൽ എന്തെങ്കിലും സാമ്യം ഇല്ലായ്മ കണ്ടാൽ നിങ്ങളുടെ വോട്ട് അസാധുവായി കണക്കാക്കും. ബാലോട്ട് ശേഖരിക്കുന്ന പോസ്റ്റ് ഓഫീസ് സീലിൽ നവംബർ 5 നോ അതിനു മുൻപോ എന്നുള്ള വിവരം ഉണ്ടായിരിക്കണം. സീൽ നവംബർ 5 നു ശേഷമാണെന്ന് കണ്ടാലും വോട്ട് അസാധു ആകും.

പൂരിപ്പിച്ച ബലോട്ടുകൾ ശേഖരിച്ചു പോസ്റ്റ് ബോക്സിൽ ഇട്ടേക്കാം എന്ന് സന്മനസ് കാണിച്ചു സമീപിക്കുന്നവർ ധാരാളം ഉണ്ടാകും. ഇവരുടെ കയ്യിൽ ധാരാളമായി ഏല്പിച്ചിരുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. പിന്നീട് ആ ബാലറ്റുകൾക്കു എന്ത് സംഭവിക്കും എന്നത് ചിന്തനീയം ആണ്.

നിങ്ങളുടെ ബാലോട്ട് പോസ്റ്റ് ബോക്സിൽ നിക്ഷേപിച്ചതിനു ശേഷം അതിനെ പിന്തുടരാനും ഇന്ന് സംവിധാനങ്ങളുണ്ട്. മെയിൽ ഇൻ ബാലോട്ട് ബ്ലാങ്ക് ആയി ലഭിച്ചതിനു ശേഷം അത് പൂരിപ്പിച്ചു മുകളിൽ സൂചിപ്പിച്ചതു പോലെ അയക്കുകയാണ് അഭികാമ്യം. മനസ് മാറി നിങ്ങൾ പൂരിപ്പിച്ച ബലോട്ടുമായി പോളിങ് സ്റ്റേഷനിൽ ചെന്നാൽ കൂടുതൽ സമയം നഷ്ടപ്പെടും. പോളിങ് ഓഫീസർ നിങ്ങളുടെ കവറുകൾ നിങ്ങളുടെ മുൻപിൽ വച്ച് തുറക്കും. അതിനു ശേഷം ആവശ്യമായ നടപടി ക്രമങ്ങൾ കമ്പ്യൂട്ടറിൽ പൂർത്തിയാക്കും. നിങ്ങളുടെ ഒപ്പു വാങ്ങി നിങ്ങൾക്ക് ഒരു ബ്ലാങ്ക് ബാലോട് നൽകും. നിങ്ങൾ പൂരിപ്പിച്ചു നൽകിയ ബാലോട് നിങ്ങളുടെ മുൻപിൽ വച്ച് തന്നെ ക്യാൻസൽ ചെയ്യും. പിന്നീട് ബ്ലാങ്ക് ബാലറ്റുമായി നിങ്ങൾ ഒരു ബൂത്തിൽ പോയി വോട്ട് വീണ്ടും രേഖപ്പെടുത്തേണ്ടതായി വരും. ഇതിനെല്ലാം ആവശ്യമായ സമയം നൽകേണ്ടിയും വരും. മാത്രമല്ല, ഒരു തവണ നിങ്ങൾ മെയിൽ ഇൻ വോട്ട് വേണ്ടെന്നു വച്ചതിനാൽ പിന്നീട് നിങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്നത് വരെ നിങ്ങൾക്ക് തുടർന്നുള്ള വോട്ടെടുപ്പുകളിൽ മെയിൽ ഇൻ ബാലറ്റുകൾ ലഭിക്കുകയില്ല. നിങ്ങൾ ആഗ്രഹിച്ചാലും നിങ്ങൾ രേഖാ മൂലം അവസാന തീയതിക്ക് മുൻപ് ബ്ലാങ്ക് ബാലോട് ആവശ്യപെട്ടില്ലെങ്കിൽ നിങ്ങൾക്ക് വോട്ടു ചെയ്യാൻ കഴിഞ്ഞില്ല എന്ന് വരാം. ഈ വിവരങ്ങൾ എല്ലാ പൗരന്മാരും അറിഞ്ഞിരിക്കേണ്ടതാണ്. പക്ഷെ പലർക്കും അറിയില്ല.

ഇപ്പോൾ നടക്കുന്ന പ്രസിഡണ്ട് തിരഞ്ഞെടുപ്പ് ഒരു റേസർ തിൻ റേസ് ആയി ആണ് മാധ്യമ പ്രവർത്തകർ വിശേഷിപ്പിക്കുന്നത്. ഫലം അറിയുവാൻ ദിവസങ്ങൾ വേണ്ടി വരും എന്നും ഇവർ പ്രവചിക്കുന്നു. വോട്ടുകളുടെ കൗണ്ടിംഗ് നടക്കുമ്പോൾ തന്നെ ആദ്യ വോട്ടെണ്ണൽ പ്രകാരം ഒരു സ്ഥാനാർഥി മുന്നിൽ നിന്നു എന്ന് വരാം. എന്നാൽ കൂടുതൽ വോട്ടുകൾ എണ്ണിക്കഴിയുമ്പോൾ ആ സ്ഥാനാർഥിയുടെ എതിരാളി വിടവ് നികത്തുകയും മുന്നിൽ എത്തുകയും ചെയ്യാം. 2020 ലെ തിരഞ്ഞെടുപ്പിൽ ചില സംസ്ഥാനങ്ങളിൽ ചുവപ്പിന് (ട്രമ്പിന് ) ഒരു മരീചിക പോലെ അനുഭവപ്പെട്ടു. എന്നാൽ പിന്നീടുള്ള മണിക്കൂറുകളിൽ ഒരു ബ്ലൂ ഷിഫ്റ്റിലൂടെ ബൈഡൻ മുന്നേറി. (ഈ വിജയം വിവാദമായി ഇപ്പോഴും തുടരുന്നു). ഈ തിരഞ്ഞെടുപ്പിൽ ഏഴു ബാറ്റിൽ ഗ്രൗണ്ട് സ്റ്റേറ്റുകളാണ് ഉള്ളത്. അരിസോണ, ജോർജിയ, മിഷിഗൺ, നെവാഡ, നോർത്ത് കാരോലിന, പെൻസിൽവാനിയ, വിസ്കോൺസിൻ എന്നിവയാണ് ഈ സംസ്ഥാനങ്ങൾ. അരിസോണയിൽ വോട്ടിംഗ് ബൈ മെയിൽ ആണ് കൂടുതലായും നടക്കുന്നത്. തിരഞ്ഞെടുപ്പ് ദിവസം മെയിലിൽ നിക്ഷേപിക്കുന്ന വോട്ടുകൾ എന്നാണ് കൂടുതൽ സമയം വേണ്ടി വരും. ലേറ്റ് ഏർലി വോട്ടുകൾ എന്നറിയപ്പെടുന്ന ഇവ മിക്കവാറും ഒരു നല്ല ശതമാനം ഉണ്ടാവും.

ജോർജിയിൽ ഏർലി ഇൻ പേഴ്സൺ വോട്ടിങ്ങിനാണ് കൂടുതൽ പ്രിയം. 65% മുതൽ 70% വരെ വോട്ടുകൾ ഏർലി വോട്ടിങ്ങിൽ ചെയ്തിട്ടുണ്ടാവാം. ആബ്സെന്റീ, മെയിൽ ഇൻ വോട്ടുകൾ 5% മാത്രമേ വരികയുള്ളൂ. വിദേശത്തുള്ളതും മിലിറ്ററി സർവീസിൽ ഉള്ളതും ആയവരുടെ വോട്ടുകൾ എലെക്ഷൻ കഴിഞ്ഞു മൂന്നു ദിവസം വരെ സ്വീകരിക്കാറുണ്ട്. മിഷിഗണിൽ ഏർലി ഇൻ പേഴ്സൺ വോട്ടിംഗ് ആരംഭിച്ചത് കഴിഞ്ഞ പ്രസിഡണ്ട് തിരഞ്ഞെടുപ്പ് മുതലാണ്. തിരഞ്ഞെടുപ്പിന്റെ എട്ടു ദിവസം മുൻപ് മുതൽ വോട്ടുകൾ പരിശോധിക്കാനും എണ്ണാനും ഇവിടെ തുടങ്ങുന്നു. വളരെ വേഗം തിരഞ്ഞെടുപ്പ് ഫലങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഇത് സഹായിക്കും എന്ന് അധികൃതർ പറയുന്നു.

നെവാഡയിലും ഇത്തവണ വളരെ വേഗം ഫലപ്രഖ്യാപനത്തിനു കഴിയുമെന്നാണ് കരുതുന്നത്. കൗണ്ടികൾക്കു ഒക്ടോബർ 21 മുതൽ വോട്ടുകൾ പരിശോധിക്കുവാനും എണ്ണുവാനും അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ മെയിൽ വോട്ടുകൾ കൂടുതൽ പ്രചാരത്തിലായതിനാൽ അത്ര വേഗം ഫല പ്രഖ്യാപനം ഉണ്ടാവാൻ സാദ്ധ്യതയില്ല. നോർത്ത് കാരോലിനയിലും തിരഞ്ഞെടുപ്പ് തീയതിക്ക് മുൻപ് തന്നെ വോട്ടുകൾ പരിശോധിക്കുവാനും എണ്ണുവാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ് മാർക്ക് നവംബർ 5 ആണെങ്കിൽ നാല് ദിവസം വൈകി മെയിലിൽ എത്തുന്ന വോട്ടുകളും എണ്ണണം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് ഡെമോക്രറ്റുകൾക്കു കൂടുതൽ പ്രയോജനം ചെയ്യും എന്നവർ പറയുന്നു. പെൻസിലാനിയയിൽ എലെക്ഷൻ ദിവസം രാവിലെ ഏഴു മണിക്ക് മുൻപ് മെയിൽ ബാലറ്റുകൾ പരിശോധിക്കുവാനോ, കൗണ്ട് ചെയ്യുവാനോ പാടില്ല എന്ന് നിയമം പാസ്സാക്കിയിട്ടുണ്ട്. ഇത് മൂലം പൂർണ്ണ ഫല പ്രഖ്യാപനത്തിന് ദിവസങ്ങൾ എടുത്തേക്കാം എന്ന് നിരീക്ഷകർ പറയുന്നു. ഒരു പുതിയ നിയമം അനുസരിച്ചു എല്ലാ കൗണ്ടികളും തിരഞ്ഞെടുപ്പിന്റെ അന്ന് അർധരാത്രിക്ക് മുൻപ് എത്ര മെയിൽ ഇൻ ബാലറ്റുകൾ എണ്ണാൻ ഉണ്ട് എന്ന് അറിയിച്ചിരിക്കണം.

വിസ്കോൺസിനിൽ പെൻസിലാനിയയിലെ പോലെ അധികാരികൾക്ക് മെയിൽ ഇൻ വോട്ടുകൾ പരിശോധിക്കുവാനോ എണ്ണുവാനോ തിരഞ്ഞെടുപ്പിന്റെ അന്ന് രാവിലെ വരെ അനുവാദം ഇല്ല. ഇത് മൂലം ഫലപ്രഖ്യാപനം ദിവസങ്ങൾ വൈകിയേക്കാം. ഇതിനു പുറമെ സംസ്ഥാനത്തെ വലിയ നഗരങ്ങൾ മെയിൽ ഇൻ വോട്ടുകൾ ഒരു പ്രധാന കേന്ദ്രത്തിൽ എത്തിച്ചാണ് പരിശോധിക്കുന്നതും എണ്ണുന്നതും. ഈ കാരണം മൂലവും വോട്ടെണ്ണൽ പൂർത്തിയാക്കുവാനും ഫലപ്രഖ്യാപനത്തിനും വൈകി എന്ന് വരാം. എലെക്ഷൻ പ്രഭാതത്തിൽ വോട്ടുകളുടെ വലിയ കെട്ടുകൾ ഒന്നിച്ചു പ്രധാന കേന്ദ്രത്തിൽ എത്തുന്നതും സംഭവിക്കാറുണ്ട്. യു എസിലെ തിരഞ്ഞെടുപ്പ് പ്രക്രിയ വളരെ സങ്കീർണവും വോട്ടെണ്ണലും ഫലപ്രഖ്യാപനവും ദിവസങ്ങൾ നീണ്ടു നിൽക്കുന്നതും ആണെന്ന് മുകളിൽ വിവരിച്ച കാരണങ്ങൾ വ്യക്തമാക്കും.

## പിസിനാക്ക് നാഷണൽ കമ്മിറ്റി ഡിസംബർ 14 ന് ചിക്കാഗോയിൽ

ചിക്കാഗോ: 2026 ൽ ചിക്കാഗോയിൽ വെച്ചു നടക്കുന്ന പെന്തക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ കമ്മിറ്റി ഡിസംബർ 14ന് ചിക്കാഗോയിൽ വച്ച് നടക്കുമെന്ന് നാഷണൽ ഭാരവാഹികൾ അറിയിച്ചു. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ അധ്യക്ഷത വഹിക്കും. നാഷണൽ സെക്രട്ടറി സാം മാത്യു അടുത്ത കോൺഫറൻസിന്റെ നയരൂപീകരണ രേഖ സമർപ്പിക്കും. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ ബഡ്ജറ്റ് അവതരിപ്പിക്കും. തുടർന്ന് നടക്കുന്ന ചർച്ചകൾക്ക് വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എത്തിച്ചേരുന്ന നാഷണൽ കമ്മിറ്റി അംഗങ്ങൾ നേതൃത്വം നൽകും. നാഷണൽ കമ്മിറ്റിക്ക് മുന്നോടിയായി നവംബർ 17 ഞായറാഴ്ച നാലുമണിക്ക് സെലിബ്രേഷൻ ചർച്ചിൽ വച്ച് ലോക്കൽ കമ്മിറ്റി കൂടും. ലോക്കൽ കൺവീനർമാരായ പാസ്റ്റർ ജിജു ഉമ്മൻ ഡോ ടൈറ്റസ് ഈപ്പൻ, സെക്രട്ടറിമാരായ ഡോ ബിജു ചെറിയാൻ, ജോൺ മത്തായി ട്രഷറർമാരായ കെ ഓ ജോസ് സിപിഎ. വർഗീസ് സാമുവേൽ എന്നിവർ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കും. 2026 ജൂലൈ 2 മുതൽ 5 വരെ ഷാം ബർഗ് കൺവെൻഷൻ സെന്ററിൽ വെച്ചാണ് അടുത്ത പിസിനാക് ദേശീയ സമ്മേളനം നടക്കുന്നത്.

# സത്യത്തെ തമസ്കരിക്കുന്ന അഹന്തയും അഹങ്കാരവും



പി.പി. ചെറിയാൻ

**സ്വയത്തെ മഹത്വവൽക്കരിച്ച് മറ്റുള്ളവരെ നിസ്സാരമായി കാണുന്ന മനോഭാവമാണ് അഹങ്കാരം. സത്യത്തെ തമസ്കരിക്കുകയെന്നത് ഈ ദുഃസ്വഭാവത്തിന്റെ പ്രകടഭാവമാണ്. ഒരാളുടെ മനസ്സിൽ അഹങ്കാരം അങ്കുരിച്ചാൽ യാഥാർഥ്യങ്ങളെ അംഗീകരിക്കാൻ അയാൾ വിമുഖത പ്രകടിപ്പിക്കും. തന്നെ സംബന്ധിച്ച് അതിരുകളില്ലാത്ത അഭിമാനത്തിനും, അന്യരോടുള്ള അമിത അവമതിപ്പിനുപോലുമത് കാരണമായിത്തീരുന്നു. പരാജയവും നിന്ദയും ഏറ്റുവാങ്ങാനിടയാക്കുന്നത് ന്യായം കൂടെതെയുള്ള അഹങ്കാരം നിമിത്തമായിരിക്കുമെന്ന് നാം ഓർത്തിരിക്കണം.**

ജീവിതത്തിൽ അർഹിക്കുന്നതിൽ കൂടുതൽ സ്ഥാനമാനങ്ങളും, നന്മകളും നേട്ടങ്ങളും അപ്രതീക്ഷിതമായി വന്നു ചേരുമ്പോൾ അതിന്റ ഉറവിടവും സാഹചര്യവും എന്താണെന്ന് അന്വേഷിച്ചു കണ്ടെത്തി തുടർന്നുള്ള ജീവിതത്തിൽ കൂടുതൽ വിനയാന്വിതനാകുകയും, ലഭിച്ച നന്മകളുടെ വലിയൊരു പങ്ക് സമൂഹത്തിന്റെ നന്മക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യണം. എന്നാൽ ഈ തിച്ചറിവ് നഷ്ടപെട്ട വലിയൊരു ജന സമൂഹത്തിനു നടുവിലാണ് നാം ഇന്ന് അധിവസിക്കുന്നത്. നേട്ടങ്ങളുടെ മതിഭ്രമത്തിൽ സ്വയമേ, നാം അറിയാതെതന്നെ നമ്മിൽ അങ്കുരിക്കുന്ന വികാരങ്ങളാണ് അഹന്തയും അഹങ്കവും. ഈ വിനാശകര വികാരങ്ങളെ പക്വതയോടും ആത്മസംയമനത്തോടും അഭിമുഘീകരിക്കുന്നതിലും നിയന്ത്രിക്കുന്നതിനും, ക്രിയാത്മകമായി തിരിച്ചുവിടുന്നതിനും കഴിയാതെ പലരും ദയനീയമായി പരാജയപ്പെടുന്നതാണ് സാധാരണയായി കണ്ടുവരുന്നത്. ഇവർ ഒരുപക്ഷെ ചെന്നുചാടുന്നത് നാശത്തിന്റെയും അപമാനത്തിന്റെയും നിരാശയുടെയും അഗാധ ഗർത്തത്തിലായിരിക്കുമെന്നതു നാം വിസ്മരിക്കരുത്

ഇതിനെ സാധൂകരിക്കുന്ന ഒരനുഭവകഥ ഇവിടെ പങ്ക് വെക്കുന്നു.

ഒരിക്കൽ അതിസമർത്ഥനായ രാജാവും മന്ത്രവാദികൾ ഉൾപ്പെടെയുള്ള പരിവാരങ്ങളും പ്രഭാത ഭക്ഷണത്തിനുശേഷം കൊട്ടാരത്തിന്റെ പരവതാനി വിരിച്ചു മനോഹരമാക്കിയ നടുത്തളത്തിൽ ഉപവിഷ്ടരായി. രാജാവിന്റെ ദർശനത്തിനുള്ള ഊഴവും കാത്തു ദൂര ദേശത്തിൽ നിന്നും എത്തിയ നിരവധി ആളുകളുടെ കൂട്ടത്തിൽ വളരെ പ്രസിദ്ധനായ ഒരു മന്ത്രവാദിയുമുണ്ടായിരുന്നു രാജ സിംഹാസനത്തിന്റെ ഒരു വശത്തു നമ്രശിരസ്കനായി നിന്നിരുന്നു. മന്ത്രവാദിയുടെ ആഗമനോദ്ദേശ്യം എന്താണെന്ന് രാജാവ് അന്വേഷിച്ചു. അങ്ങയുടെ മുൻപിൽ ഞാൻ അഭ്യസിച്ച ജാലവിദ്യകൾ അവതരിപ്പിക്കുന്നതിനുള്ള അതിയായ ആഗ്രഹം അടിയനുണ്ടെന്ന് മന്ത്രവാദി ഉണർത്തിച്ചു. ജാലവിദ്യകളിൽ വളരെ താല്പര്യമുണ്ടായിരുന്ന രാജാവ് പൂർണ്ണ അനുമതി നൽകി. രാജാവിന്റെയും പരിവാരങ്ങളുടെ മുൻപിൽ ജാലവിദ്യ അവതരിപ്പിക്കുന്നതിനു അവസരം അനുവദിച്ചു തന്നതിന് ആദ്യമായിത്തന്നെ മന്ത്രവാദി കൃതജ്ഞത അർപ്പിച്ചു. അതിനുശേഷം അത്ഭുതകരമായ ജാലവിദ്യകൾ ഓരോന്നായി അവതരിപ്പിച്ചു. ഓരോ പ്രകടനം കഴിയുംതോറും രാജാവ് മന്ത്രവാദിയെ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു ശരീരത്തിൽ നിന്നും ശിരസ്സ് അറുത്തുമാറ്റി അല്പസമയത്തിനുശേഷം വീണ്ടും അതേ സ്ഥാനത്ത് വെച്ച അത്ഭുതവിദ്യ ദർശിച്ചതോടെ രാജാവ് ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് മന്ത്രവാദിയെ ആശ്ലേഷിച്ചു. ഇതോടെ മന്ത്രവാദിയുടെ മനസ്സിൽ താനൊരു മഹാനാണെന്ന് ഭാവം ഉടലെടുത്തു എന്താണ് നാം അങ്ങേയ്ക്ക് തരേണ്ടത് എന്ന് രാജാവിന്റെ ചോദ്യം കേട്ടാണ് മന്ത്രവാദി സ്ഥലകാല ബോധം വീണ്ടെടുത്തത്. എനിക്ക് അങ്ങയോട് ഒന്നു മാത്രമാണ് ഉണർത്തിക്കാൻ ഉള്ളത്. ഇവിടെ കൂടിയിരിക്കുന്നവരിൽ പ്രശസ്തരായ നിരവധി മന്ത്രവാദികൾ ഉണ്ടല്ലോ. ഞാൻ അവതരിപ്പിച്ചതിനെക്കാൾ ശ്രേഷ്ഠമായ ജാലവിദ്യകൾ അവതരിപ്പിക്കുന്നതിന് ആരെങ്കിലും ഉണ്ടെങ്കിൽ അവർക്ക് ഒരു അവസരം നൽകണം. മന്ത്രവാദിയുടെ ചോദ്യം രാജാവിന്റെ അഭിമാനത്തിനു നേരെയുള്ള ഒരു വെല്ലുവിളിയായിരുന്നു. രാജാവിന്റെ ഏറ്റവും വിശ്വസ്തനായ ഒരു മന്ത്രി സദസ്യരോട് മന്ത്രവാദിയുടെ ചോദ്യം ആവർത്തിച്ചു. കൂടിയിരുന്നവരിൽ ആരുംതന്നെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറായില്ല രാജാവിനെ മുഖം മ്ലാനമാകുന്നത് കണ്ടു സദസ്സിൽ ഇരുന്നിരുന്ന പ്രജകളിലൊരാൾ മുന്നോട്ടുവന്നു. അല്ലയോ രാജാവേ അങ്ങ് സമ്മതിക്കുകയാണെങ്കിൽ ഈ മന്ത്രവാദിയുടെ വെല്ലുവിളി ഏറ്റെടുക്കാൻ

ശേഷം 7-ാം പേജ്

# ഒരേ പ്രപഞ്ചത്തിൽ



എം.കെ. ഹകികുമാർ

മനസ്സിനുള്ളിലേക്ക് പ്രവേശിക്കാൻ എപ്പോഴും കഴിയണമെന്നില്ല. കലാകാരന്മാർ ഏകാന്തത തേടുന്നത് ഈ പ്രവേശനം സാധ്യമാക്കുന്നതിനാണ്. തിരക്കേറിയ ഒരു നഗരത്തിലൂടെ സഞ്ചരിക്കുമ്പോഴും കലാകാരൻ തന്റെ മനസ്സിനുള്ളിലേക്ക് പ്രവേശിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. ഇത് ഒരു സഹനമാണ്. ആ സഹനത്തെ ഏകാന്തതയെന്നു വിളിക്കാം. അതുകൊണ്ട് ഈ ഏകാന്തതയ്ക്ക് പവിത്രതയുണ്ട്. കാരണം, അത് നമ്മുടേതാണ്. നമ്മളാണല്ലോ നമുക്കൊപ്പം തനിച്ചാകുന്നത്. അതിന്റെയർത്ഥം നമ്മുടെയുള്ളിലേക്ക് നോക്കാൻ നമുക്ക് പ്രാപ്തിയുണ്ടെന്നാണ്. സാഹിത്യമോ കലയോ നമ്മുടെ തന്നെ ആന്തരിക ലോകത്തെയാണ് അനാവരണം ചെയ്യുന്നത്. എത്രത്തോളം തുറക്കുന്നുവോ അത്രത്തോളം അത് പവിത്രമായിരിക്കും; വിഭജനങ്ങൾക്ക് അപ്പുറമായിരിക്കും. മനുഷ്യന്റെ ചിന്തയിൽ നിറയെ പ്രതിലോമ വികാരങ്ങളും അശുഭചിന്തകളുമാണ് കൂടുകൂട്ടിയിരിക്കുന്നത്. അതുകൊണ്ടാണ് ജലാലുദ്ദീൻ റൂമിക്കും കബീർദാസിനും ഖലിൽ ജിബ്രാനും മനുഷ്യത്വത്തിന്റെ ശുചീകരണത്തെക്കുറിച്ച് പറയേണ്ടി വരുന്നത്. ഒരു നവീനമായ സ്നേഹാത്മകതയാണ് ഈ കവികളെല്ലാം അവതരിപ്പിച്ചത്. സ്വാർത്ഥതയോ ഗൂഢലക്ഷ്യമോ ഇല്ലാത്ത, വെയിൽ പോലെ പരക്കുന്ന ഇന്ദ്രിയങ്ങളുള്ള സ്നേഹം.

**ഒരേയൊരു പ്രപഞ്ചത്തിൽ**

എഴുതുമ്പോൾ മനസ്സിനുള്ളിലേക്ക് കയറാൻ സാധിക്കണമെന്നില്ല. കാരണം, നമ്മുടെ മനസ്സിന്റെ ഉപരിതലത്തിലുള്ള തോന്നലുകളെ പോലും, ചിലപ്പോൾ സ്വാംശീകരിക്കാൻ കഴിയണമെന്നില്ല. ഒരു തോന്നലിന്റെ പിറകിലുള്ളത് ഏത് പ്രചോദനമാണെന്ന് തിരക്കിയാലല്ലേ അത് കണ്ടുപിടിക്കാനാവൂ. മനസ്സിന്റെ അടിത്തട്ടിലേക്ക് ചെല്ലുന്തോറും കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത്, ഈ പ്രപഞ്ചത്തോട്. നാമെല്ലാം ഈ ഒരേയൊരു പ്രപഞ്ചത്തിലാണല്ലോ. അതുകൊണ്ട് നമ്മുടെയുള്ളിലേക്ക് തുരങ്കം നിർമ്മിച്ചു ചെന്നാലും മറ്റെങ്ങും പോകാനാവില്ല. അത് പ്രപഞ്ചത്തിന്റെ മറ്റൊരു വശത്തേക്ക് തന്നെ ചെന്നെത്തും.

നമ്മുടെ മനസ്സ് നമ്മുടേത് മാത്രമാണെന്നു പറയുന്നത് ഈ വസ്തുത ഗ്രഹിക്കാത്തതുകൊണ്ടാണ്. മനസ്സ് ഈ ഒരേയൊരു പ്രപഞ്ചത്തിന്റേതാണ്.

അതുകൊണ്ട് പ്രപഞ്ചത്തിന്റെ എല്ലാ അർത്ഥസൂചനങ്ങളും ഘടനകളും മനസ്സിലുമുണ്ടാവും. പ്രപഞ്ചത്തിൽ നിന്നു വേറിട്ട് മനസ്സിന് അസ്തിത്വമില്ല. മനസ്സിനെ നാം നിർമ്മിച്ചതല്ലല്ലോ. ഈ പ്രപഞ്ചത്തിന്റെ നിയമത്തിനനുസരിച്ചാണ് മനസ്സ് പ്രവർത്തിക്കുന്നത്. എന്നാൽ മനസ്സിന് മാറ്റമില്ലാതിരിക്കാനാവില്ല .മനസ്സ് ഒരുപേക്ഷിക്കൽ പ്രക്രിയയിലൂടെ കടന്നു പോവുകയാണ്. അത് അതിവേഗം നൃത്തം ചെയ്യുകയാണ്. വെള്ളത്തിലാണെങ്കിൽ അത് മത്സ്യത്തോടാണ് മത്സരിക്കുന്നത്; ആകാശത്തിലാണെങ്കിൽ നക്ഷത്രങ്ങളോടും. പടം പൊഴിക്കാത്ത പാമ്പുകൾ ചത്തൊടുങ്ങുകയേയുള്ളൂ.



അതുപോലെ അഭിപ്രായങ്ങൾ മാറ്റാത്ത മനസ്സുകളും മരിക്കുകയാണ്.

The snakes which cannot cast its skin has to die . As well the minds which are prevented from changing their opinions; they cease to be mind_ ഫ്രഞ്ച് തത്വജ്ഞാനി നിഷേ പറഞ്ഞു.

മനസ്സിൽ നിന്നു അന്യമായി യാതൊന്നുമില്ല. പ്രപഞ്ചത്തിൽ നിന്ന് അന്യമായി യാതൊന്നും മനസ്സിലുമില്ല. മനസ്സുതന്നെയാണ് പ്രപഞ്ചം. മനസ്സിന്റെ വേഗത്തെ ആരും നിർണിക്കുന്നില്ലല്ലോ. മനസ്സിനുള്ളിൽ നക്ഷത്രങ്ങളെപ്പോലെ പലതും സഞ്ചരിക്കുന്നു. ചിലത് എരിഞ്ഞടങ്ങുന്നു; ചിലത് പിറക്കുന്നു, പൊട്ടിത്തെറിക്കുന്നു. മനസ്സിന്റെ ഒരേയൊരു മേൽക്കൂര ഈ പ്രപഞ്ചം തന്നെയാണ്. ഒരേ ലോകത്ത് ഒരേ രക്തം കുടിച്ചു വളരുന്ന മനസ്സുകൾക്ക് ഒരേ കാലാവസ്ഥയിലാണ് വളരാൻ വിധി. അതുകൊണ്ട് എല്ലാ മനസ്സുകളിലും എല്ലാമുണ്ട്. എല്ലാത്തിന്റെയും വിത്തിട്ടിരിക്കുന്ന, അളക്കാനാവാത്ത ആഴമുള്ള മണ്ണാണ് മനസ്സ്. മനസ്സിൽ ഈ പ്രപഞ്ചത്തിലെ എല്ലാ കാലങ്ങളുമുണ്ട്. മൂവായിരം വർഷം മുമ്പുണ്ടായ ഒരു പ്രാർത്ഥനയും കാട്ടിലെ അലർച്ചയും ആക്രമിക്കപ്പെട്ടു കരയുന്ന മൃഗത്തിന്റെ കരച്ചിലും മനസ്സിലുണ്ട്. മനസ്സിനു കാലമില്ല. അത് കാലത്തെ തന്നെ എപ്പോഴും പുതുക്കുകയാണ്. പഴയകാലവും പുതിയകാലവും ഭാവിയും അതിൽ ഒരു രേഖയിലെന്നപോലെ സഞ്ചരിക്കുന്നു. ക്ളോക്കിലെ സമയം രേഖീയമാണെങ്കിൽ മനസ്സിലെ കാലം രേഖീയതയിൽ തന്നെ ഭൂതവർത്തമാനഭാവി കാലങ്ങളെ കശക്കിയും ഒടിച്ചു മടക്കിയും രേഖീയമാക്കുന്നു.

അയ്യായിരം വർഷം മുമ്പുള്ള മനുഷ്യർ നമ്മുടെയുള്ളിലുണ്ട്. പ്രാകൃതമായ ചേഷ്ടകൾ നമ്മളിൽ മരിക്കുന്നില്ല, ഉറങ്ങുക മാത്രമാണ് ചെയ്യുന്നത്. ഭയമാണ് നമ്മുടെ കാട്. കാട്ടിൽ ജീവിച്ച മനുഷ്യന്റെ കാടുകൾ ഒരിക്കലും അവസാനിക്കുന്നില്ല. കാട്ടിൽ കേട്ട നിലവിളി നമ്മുടെയുള്ളിൽ പ്രതിധ്വനിക്കുന്നു. അതുകൊണ്ട് നമുക്ക് ഒന്നിനോടും അകൽച്ചയില്ല. നാം എല്ലാത്തിന്റെയും സിരാകേന്ദ്രമാണെന്ന് തിരിച്ചറിയുക. എല്ലാ പുസ്തകങ്ങളും നമ്മളിലുണ്ട്. എത്ര നൂറ്റാണ്ട് മുമ്പ് രചിച്ച കൃതികളും ഇനി രചിക്കാനിരിക്കുന്ന കൃതികളും നമ്മളിലുണ്ട്. നമ്മുടെ ശേഷിക്കൊത്ത് അത് കണ്ടെത്തുന്നുവെന്ന് മാത്രം. നമ്മുടെയുള്ളിലില്ലാത്ത ഒരു കൃതിയോ ആശയമോ ഭാഷയോ മറ്റൊരാൾക്ക് കണ്ടുപിടിക്കാനാവില്ല. കാരണം, നമ്മൾ ഒരേ ആകാശത്തിനു കീഴിലുള്ളവരാണ്. നമ്മുടെ ഘടന ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ്. പ്രപഞ്ചത്തിലെ ആശയങ്ങളാണ് മനസ്സുകളിലൂടെ പുറത്തുവരുന്നത്. മനസ്സുകൾ പല വഴികളിലൂടെ ഓർക്കുന്നത് പ്രപഞ്ചത്തെക്കുറിച്ചാണ്. പ്രപഞ്ചത്തിന്റെ ഒരു ഡിസൈനാണത്. പ്രപഞ്ചത്തിലില്ലാത്തതൊന്നും മനസ്സുകളിലൂടെ പുറത്തു വരുന്നില്ല.

**ഒരേ ആകാശത്തിനു കീഴിൽ**

എന്റെ മനസ്സിൽ ആയിരമോ പതിനായിരമോ പുസ്തകങ്ങളുണ്ട്. അത് കണ്ടുപിടിക്കാനാവശ്യമായ, അഗാധമായ, ഏകാന്തതയോ ധ്യാനമോ എനിക്കില്ല. വല്ലപ്പോഴുമൊരിക്കൽ മനസ്സിലേക്ക് പ്രവേശനം കിട്ടുകയും, അതിനുള്ളിലെ മായക്കാഴ്ചകൾക്കായി അവസരമുണ്ടാവുകയും ചെയ്യുമ്പോഴാണ് വിചിത്രമായ ചില ആശയങ്ങളും വാക്യങ്ങളും പുസ്തകങ്ങളും രചിക്കാനാകുന്നത്.

ഞാൻ എന്റെ നോവലുകൾ (ജലഛായ, ശീനാരായണായ, വാൻ ഗോഗിന്) രചിച്ചത് ഇങ്ങനെയാണ്. ഈ നോവലുകളിൽ പറയുന്ന ആശയങ്ങളോ കഥാപാത്രങ്ങളോ പശ്ചാത്തലമോ ഭാഷയോ യാതൊന്നും എനിക്കുണ്ടായിരുന്നില്ല. മനസ്സിനുള്ളിലേക്ക് കയറിയപ്പോൾ ഏതോ ലോകത്തേക്ക് എന്നെ ആരോ പിടിച്ചുകൊണ്ടുപോയ അനുഭവമാ

ശേഷം 6-ാം പേജ്

## പകൽ അന്തിയോളം......

3-ാം പേജ് തുടർച്ച

ഇതൊന്നും ഇന്നത്തെ കാലത്ത് ഉൾക്കൊള്ളാൻ കഴിയുന്നില്ല.. അത് ആണായാലും പെണ്ണായാലും. കള്ളവും പൊങ്ങച്ചവും ഒരു കാലത്ത് പൊളിയും..

മദ്യപാനം, മയക്കു മരുന്ന്... ഇതൊക്കെ മറ്റൊരു കാരണം ആകുന്നു.. മനസുകൾ അകലുന്നു..

കുടുംബം നോക്കാത്ത ഭർത്താവ്.. ജോലിക്കു പോകാതെ ഭാര്യയുടെയോ അച്ഛൻ അമ്മമാരുടെയോ ചിലവിൽ ജീവിത കാലം മുഴുവൻ കഴിയുന്ന ഭർത്താവ്. ഉത്തരവാദിത്വങ്ങൾ ഒന്നും ഏൽക്കാത്ത ലാവിഷ് ജീവിതം നയിക്കുന്ന ഭാര്യ.. കുടുംബ ബന്ധങ്ങൾ ശിഥിലാമാകാൻ മറ്റെന്തെങ്കിലും കാരണം വേണോ?

പരസ്പരം ഉപദ്രവിക്കൽ.. ശാരീരിക മാനസിക പീഡനങ്ങൾ.. പലപ്പോഴും പീഡനം ഏറെ സഹിച്ചാലും പുറത്ത് പറയാത്ത ഭാര്യയും അപമാനം ഭയന്ന് ആരോടും പറയാതെ നടക്കുന്ന ഭർത്താവും ഉണ്ടെന്ന് ഞാൻ ഡീൽ ചെയ്ത കേസുകളുടെ വെളിച്ചത്തിൽ പറയട്ടെ..

മതം മാറാൻ നിർബന്ധിക്കുക, ജാതീയ അധിക്ഷേപങ്ങൾ നടത്തുക...മാറാ രോഗങ്ങൾ ഉണ്ടായിരിക്കുക, ലൈംഗിക ശേഷി ഇല്ലാതിരിക്കുക, സെക്സ് നിഷേധിക്കുക , പരപുരുഷ പര സ്ത്രീ ബന്ധം ഇതൊക്കെ വിവാഹ മോചനത്തിലേക്കു നയിക്കുന്ന കാരണങ്ങൾ ആണ്.. ക്രൂരമായി പീഡിപ്പിക്കുന്ന പുരുഷനിൽ നിന്നും രക്ഷിക്കണേ എന്നാവശ്യപ്പെട്ട ഭാര്യയെ അറിയാം.. ലൈംഗിക ഭാഗങ്ങൾ കടിച്ചു മുറിവേല്പിച്ചു വേദന കൊണ്ട് കരഞ്ഞ സ്ത്രീയെ അറിയാം.. ഭർത്താവിന്റെ Hyper Sexuality, ഹോമോ സെക്സ്, ഹെട്രോ സെക്സ് കൊണ്ട് മാനസികമായി തകർന്ന സ്ത്രീകളുടെ കണ്ണീർ കണ്ടിട്ടുണ്ട്.. പങ്കാളിയിൽ മാത്രം ഒതുങ്ങാതെ വ്യഭിചാരം നേരംപോക്ക് ആയി കാണുന്നവരെ... അവരുടെ പാർട്ണർസ് ന്റെ ദുഃഖങ്ങൾ കേട്ടിട്ടുണ്ട്.. മക്കളുടെ മുന്നിൽ പോലും ഭാര്യയെ റേപ്പ് ചെയ്യുന്ന ഭർത്താവ്..ആ ഭാര്യയുടെ ഉള്ളിലെ പേടിയും തോരാത്ത കണ്ണീരും... ഭർത്താവിന്റെ സ്വത്ത് മുഴുവൻ അടിച്ചെടുത്തിട്ട് അയാളെ വേണ്ടാന്നു വെയ്ക്കുന്ന ഭാര്യമാരുടെ എണ്ണവും കൂടി വരുന്നു.. പങ്കാളിയുടെ നിറവും മതവും ജാതിയും ജോലിയും ഒക്കെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാലം.. അതൊക്കെ ചെറിയ വഴക്കിൽ തുടങ്ങി വലിയ വഴക്കും പിന്നെ അതൊരു വേർപിരിയലിനു കാരണമാക്കുന്ന സാഹചര്യം.

**പങ്കാളിയിൽ HIV പോലുള്ള മാറാ രോഗങ്ങൾ**

സംശയരോഗം ബാധിച്ച ദാമ്പത്യം ഒരിക്കലും ശരിയാകില്ല എന്ന് തന്നെ പറയാം.. തൊട്ടതിനും പിടിച്ചതിനും ഒക്കെ ഭർത്താവിനെ സംശയിക്കുന്ന ഒരു ഭാര്യ.... അതിൽ അങ്ങേയറ്റം വേദനിക്കുന്ന ഒരു ഭർത്താവ്... എന്നെ കാണാൻ വന്നിരുന്നു. അവർ തമ്മിൽ 8 വയസ്സിനു വ്യത്യാസം.. പ്രേമിച്ചു കെട്ടിയതാ.. സ്വന്തം അനുജത്തി പോലും ഭർത്താവിന്റെ കൂടെ കിടന്നു എന്ന് ഒരു ഉളുപ്പും ഇല്ലാതെ പറയുന്നു.. അത് കേട്ട് പൊട്ടി കരയുന്ന ഭർത്താവും.. ഒപ്പം അവളുടെ അമ്മയും.. എന്റെ മാഡം മരുമോൻ അല്ല അവൻ ഞങ്ങൾക്ക് മോൻ ആണ്.. എന്റെ ഇളയ മോൾ വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആണ്.. ഒരിക്കലും ഇവൾ പരയുന്നത് ശരിയല്ല... ഇവളുടെ മാനസിക നില തകരാറിൽ ആണെന്ന് സാക്ഷ്യം പറയുന്ന അമ്മ... അവരുടെ കുട്ടികളോട് സംസാരിച്ചു.. മമ്മി ഞങ്ങൾക്ക് സമാധാനം തന്നിട്ടില്ല.. ഇവർ ഒന്നിച്ചു ജീവിക്കുന്നതിലും നല്ലത് ഞങ്ങൾക്ക് പപ്പയുടെ കൂടെ ഒറ്റയ്ക്ക് കഴിയുന്നതാണ് എന്ന് അവരും..

ജോലിക്ക് പോകാതെ വീട്ടിൽ കുത്തിയിരിക്കുന്ന ഭർത്താക്കന്മാർ രാത്രിയിൽ ഭാര്യയെ ബലാത്സംഗം ചെയ്യാൻ ശ്രമിക്കുന്നവർ, വീട്ടിലെ ആവശ്യങ്ങൾക്ക് എന്ന് കള്ളം പറഞ്ഞു പണം ഭാര്യയോട് കള്ള കണക്ക് ഉണ്ടാക്കി മേടിക്കുന്നവർ,.. ഭാര്യക്ക് പ്രോപ്പർ ആഹാരം പോലും നിഷേധിക്കുന്നവർ, അവരുടെ ശാരീരിക മാനസിക കാര്യങ്ങളിൽ ഇടപെടാത്തവർ, കൃടുംബത്തോടൊപ്പം പുറത്ത് പോകാത്തവർ, മുടിയിൽ കുത്തി പിടിച്ചു ഭിത്തിയിൽ ഇടിപ്പിക്കുന്നവർ, അടിവസ്ത്രം മുതൽ ഷേവ് ചെയ്യാൻ ബ്ലേഡ് വരെ ഭാര്യയുടെ ചിലവിൽ, കഴിക്കുന്ന ആഹാരവും കുടിക്കുന്ന മദ്യം പോലും..അങ്ങനെ വിവാഹം കൊണ്ട് സഹനത്തിന്റെ തീച്ചൂളത്തിൽ എരിയുന്നവർക്ക് ആശ്വാസം പകരുന്നതാണ് വിവാഹമോചനം..

ഭർത്താവ് തന്റെ ഭാര്യക്ക് ഒപ്പമല്ല... അമ്മക്ക് ഒപ്പമാണ് ഉറങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചത്. ചെന്നൈയിൽ ജോലിയുള്ള ഭർത്താവിനെ കാണാൻ ഡൽഹിയിൽ നിന്ന് ചെല്ലുമ്പോൾ വില്ലത്തി അമ്മ അമ്പലത്തിൽ മാത്രം പോകാൻ അനുവദിക്കുക.. അവിടെയും കൂടെ കെട്ടി എഴുന്നള്ളുക, രാത്രിയിൽ വേദന അഭിനയിക്കുക, മക്കൾ കിടക്കുന്ന മുറിയുടെ പുറത്ത് കട്ടിൽ തള്ളിയിട്ടു കിടക്കുക, മുറിക്കു കുറ്റി ഇടാൻ അനുവദിക്കാതിരിക്കുക, കാമുകിക്ക് വേണ്ടി ഭാര്യയെ ഉപേക്ഷിക്കുക, കാമുകന്റെ ഒപ്പം ഒന്നിച്ചു താമസിക്കൻ ഭർത്താവിനെ കൊല്ലാൻ ശ്രമിക്കുക അങ്ങനെ എന്തെല്ലാം എന്തെല്ലാം... കഴിഞ്ഞ ഇടയ്ക്കു ഞാൻ ഒരു 73 കാരൻ 53 കാരിക്കൊപ്പം സുഖം തേടി പോയ കഥ പങ്ക് വെച്ചിരുന്നു.. അവൾക്കു കൊടുക്കാൻ ഭാര്യയുടെ സ്വത്ത് മുഴുവൻ തട്ടിയെടുത്തു എന്ന് മാത്രമല്ല ഭാര്യ ഉടനെ മരിക്കും നമുക്ക് അടിച്ചുപൊളിച്ചു ജീവിക്കാം എന്ന മോഹന വാഗ്ദാനവും.. ഒടുവിൽ ഈ 73 കാരൻ ആ സ്ത്രീയുടെ പലരിൽ ഒരാൾ മാത്രമാണെന്ന് തെളിഞ്ഞു... സ്ത്രീകൾ പുരുഷന്മാരെ ട്രാപ്പിൽ ആക്കുന്നത് കൂടി വരുന്നു. ഒരു തരത്തിലും ഒന്നിച്ചു പോകാൻ കഴിയാത്തവർക്ക് സഹനവും കഷ്ടപ്പാടും ഇല്ലാതെ പിരിഞ്ഞു പോകാനും അവകാശമുണ്ട്.. അല്ലാത്ത പക്ഷം ഈ സഹനങ്ങൾ ഏറെ ബാധിക്കുക മക്കളെ ആയിരിക്കും.. വിഷാദ രോഗിയോ, അല്ലെങ്കിൽ തെറ്റുകളിൽ മാത്രം സഞ്ചരിക്കുന്നവരോ ആകാതിരിക്കാൻ മദ്യത്തിനും മയക്കു മരുന്നിനും അടിമ

അല്ലാതാവാൻ കൊടും കുറ്റവാളി അല്ലാതിരിക്കാൻ നിങ്ങളുടെ മക്കളെ ഓർത്തു നല്ല തീരുമാനങ്ങൾ എടുക്കാൻ ഓരോ ഭാര്യ ഭർത്താവിനും കഴിയട്ടെ... ഏതൊരു ദുഃഖവെള്ളിക്ക് ശേഷവും ഒരു ഉയിർപ്പ് ഉണ്ടെന്നത് സത്യമാണ്.. ജീവിതം അത് ഒന്നേയുള്ളു.. നിങ്ങളുടെ ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടത് നിങ്ങൾ ആണ്.. നിങ്ങൾ മാത്രമാണ്.. സഹായത്തിനു നിയമവും നിയമ വ്യവസ്ഥികളും ഉണ്ട്.. നിസാര കാരണങ്ങൾക്ക് അല്ലെങ്കിൽ വാശിയും വൈരാഗ്യവും തീർക്കാൻ വിവാഹ മോചനം ഒരു പരിഹാരമല്ല എന്ന് കൂടി ഓർമിപ്പിക്കുന്നു..

ഒരു കാര്യം കൂട്ടിച്ചേർക്കട്ടെ... സ്നേഹമാണഖില സാരമൂഴിയിൽ.. സ്നേഹമുണ്ടെങ്കിൽ എല്ലാം സന്തോഷത്തിൽ കലാശിക്കുന്നു.. അനുദിന ജീവിതമായാലും സെക്സ് ആയാലും.. അല്ലെങ്കിൽ അതെല്ലാം ഒരു കടമ നിർവഹിക്കലോ പീഡനവും യാതനയുമൊ ആകുന്നു.. ആത്മാർത്ഥത ഇല്ലാത്തിടത് സെക്സ് എവിടെയും ആകാം എത്ര പേരോടൊപ്പവും ആകാം.. അതല്ലേ ഹേമ കമ്മറ്റി റിപ്പോർട്ട് പുറത്ത് വന്നപ്പോൾ മനസ്സിലായത്. പക്ഷെ യഥാർത്ഥ സ്നേഹമുള്ളിടത്തു ഒരാളുമായി മാത്രമേ ശരീരവും മനസ്സും പങ്ക് വെക്കാൻ കഴിയൂ.. അത് ആണായാലും പെണ്ണായാലും.. അതും സ്നേഹത്തോടെ മാത്രം.. വികാരം ഉടലെടുക്കുമ്പോൾ മാത്രമല്ല പങ്കാളിയെ അന്വേഷിക്കേണ്ടത്.. പരസ്പരം അംഗീകരിച്ചും സ്നേഹിച്ചും ക്ഷമിച്ചും മനസ്സിലാക്കിയും കഴിയുന്നവർ ഏറെയാണ്.. ഇഷ്ടനാനിഷ്ടങ്ങൾ അറിഞ്ഞു പെരുമാറുന്നവർ ഒരുപാട് ഉണ്ട്.. അതില്ലാത്തിടത്തു ഒരു കൂരക്ക് കീഴെ താമസിക്കുന്ന അന്യരായ രണ്ട് വ്യക്തികൾ... മറ്റുള്ളവരുടെ ദൃഷ്ടിയിൽ മാതൃക ദമ്പതിമാർ... മക്കൾക്കുവേണ്ടി ജീവിതം തീറെഴുതിയവർ... ഇന്ന് ഇക്കൂട്ടർ ആണ് ഏറെയും..???

# പ്രൊജക്റ്റ് 2025നെ ഭയക്കേണ്ടതുണ്ടോ?



തോമസ് മുല്ലയ്ക്കൽ




ഇത്തവണ അമേരിക്കൻ തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെട്ട ഒരു വിവാദ വിഷയമായിരുന്നു പ്രൊജക്റ്റ് 2025. രണ്ടാമത്തെ പ്രസിഡൻഷ്യൽ ഡിബേറ്റിൽ ഡൊണാൾഡ് ട്രംപിനെതിരെ കമലാ ഹാരിസ് ഉന്നയിച്ച ആരോപണങ്ങളിലൊന്ന് അദ്ദേഹം ഈ പോജക്ടിനെ അനുകൂലിക്കുന്നുവെന്നാണ്. എന്നാൽ ട്രംപ് അത് നിഷേധിക്കുകയുണ്ടായി. എന്നാൽ തെരഞ്ഞെടുപ്പ് റാലികളിൽ പലപ്പോഴായി ട്രംപിനെതിരെ ഈ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹം ഇതിനെ നിഷേധിക്കുന്നത്? എന്താണ് ഈ പ്രൊജക്റ്റ്? എന്തുകൊണ്ടാണ് ഇത് വിവാദമാകുന്നത്?

Project 2025 എന്നത് Heritage Foundation എന്ന പ്രസ്ഥാനം വിഭാവന ചെയ്യുന്ന, ക്രിസ്തീയ മൂല്യങ്ങളോട് ചേർന്നുവരുന്ന ഒരു കൺസർവേറ്റീവ് നയരേഖയാണ്, ഫെഡറൽ സർക്കാരിന്റെ ഘടനയും പ്രവർത്തനങ്ങളും കൺസർവേറ്റീവ് മൂല്യങ്ങളുമായി പൊരുത്തപ്പെടുത്താൻ ഇത് ലക്ഷ്യമിടുന്നു. ഇതിലെ പ്രധാന പ്രതിവാദ്യ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

എക്സിക്യൂട്ടീവ് ബ്രാഞ്ചിന്റെ കാര്യത്തിൽ, എക്സിക്യൂട്ടീവ് ഏജൻസികളെ കൂടുതൽ കാര്യക്ഷമമാക്കുകയും പ്രസിഡന്റിന്റെ നിയന്ത്രണം വർധിപ്പിക്കുകയും ചെയ്യുന്നു, ഇതിന്റെ ഭാഗമായി ഫെഡറൽ ജീവനക്കാരെ മാറ്റുന്നത് എളുപ്പമാക്കാൻ സിവിൽ സർവീസ് നിയമന സംരക്ഷണത്തിൽ നിയന്ത്രണങ്ങൾ വയ്ക്കുന്നു. ചുരുക്കത്തിൽ അമേരിക്കൻ പ്രസിഡന്റിന് കൂടുതൽ നിയമന സ്വാതന്ത്ര്യം ലഭിക്കുന്ന അവസ്ഥ സംജാതമാകും. രാഷ്ട്രീയ സ്വാധീനങ്ങളെ ഒരുപരിധിവരെ അകറ്റിനിർത്തി നിയമനങ്ങൾ കാര്യക്ഷമമാക്കി കൂടുതൽ ഗവണ്മെന്റിനെ ശക്തമാക്കുവാൻ തന്മൂലം സഹായിക്കുന്നു. ഫെഡറൽ വർക്ക്ഫോഴ്സിനായി, ആവശ്യമില്ലാത്ത സ്ഥാനങ്ങൾ, പ്രത്യേകിച്ച് വൈവിധ്യം, തുല്യത, ഉൾപ്പെടുത്തൽ (DEI) തസ്തികകൾ ഒഴിവാക്കുകയും, കൺസർവേറ്റീവ് ലക്ഷ്യങ്ങൾക്കൊപ്പം നിൽക്കുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നിയമനാധികാര സ്വാതന്ത്ര്യം വർധിപ്പിക്കുകയും ചെയ്യുന്നു. വിവിധ സംവരണങ്ങൾ ഒഴിവാക്കി മെറിറ്റ് അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക.

പരിസ്ഥിതി നയത്തിൽ, കാലാവസ്ഥാ നിയന്ത്രണങ്ങൾ ഉൾപ്പെടെ ചില പരിസ്ഥിതി നിയമങ്ങൾ മാറ്റാനുള്ള ശ്രമമാണ് ഉദ്ദേശിക്കുന്നത്, ഫോസിൽ ഇന്ധനങ്ങളിലൂടെ ഈന്ധനസ്വാതന്ത്ര്യം മുൻഗണന നൽകുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിൽ ഫെഡറൽ സ്വാധീനം കുറയ്ക്കുന്നതിനായി സ്കൂൾ ചോയിസ്, മാതാപിതാക്കളുടെ അവകാശങ്ങൾ, വിദ്യാഭ്യാസ വകുപ്പിന്റെ അധികാരം കുറയ്ക്കൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. ഇമ്മിഗ്രേഷൻ നയം കൂടുതൽ കർശനമാക്കുകയും അതിർത്തി സുരക്ഷ വർധിപ്പിക്കുകയും, കുടിയേറ്റക്കാർക്ക് പൗരത്വം ലഭിക്കുന്നത് കൂടുതൽ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ആരോഗ്യ പരിപാലന രംഗത്ത് ഫെഡറൽ മേൽനോട്ടവും പിന്തുണയും കുറയ്ക്കുകയും, സ്വകാര്യ മേഖലയിലെ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുകയും, മെഡികെയർ, മെഡിക്കെയ്ഡ് ചിലവുകൾ കുറയ്ക്കുകയും, ആഫോർഡബിൾ കെയർ ആക്ട് ചുരുക്കുകയും ചെയ്യുന്നു. പ്രതിരോധംവിദേശ നയങ്ങളിൽ, വിദേശ പ്രതിബദ്ധതകൾ പുന:പരിശോധിക്കുകയും വിദേശ സഹായ ചെലവുകൾ കുറയ്ക്കുകയും ആഭ്യന്തര ശ്രദ്ധയോടെ സൈനിക സന്നദ്ധത ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

സാമൂഹിക നയത്തിൽ, ഗർഭഛിദ്രം, LGBTQ+ അവകാശങ്ങൾ എന്നിവയിലെ ആക്സസ് പരിമിതപ്പെടുത്തുകയും മതസ്വാതന്ത്ര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും, ഫെഡറൽ നയങ്ങൾ കൺസർവേറ്റീവ് മൂല്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിലാക്കുകയും ചെയ്യുന്നു. സാമ്പത്തിക നയത്തിൽ, നിയന്ത്രണങ്ങൾ കുറയ്ക്കാനും കോർപ്പറേറ്റ് നികുതികൾ കുറയ്ക്കാനും, ധനകാര്യ മേൽനോട്ടം, തൊഴിൽ സംരക്ഷണങ്ങൾ എന്നിവയിൽ ഫെഡറൽ ഏജൻസികളുടെ പങ്ക് പരിമിതപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

ക്രിസ്തീയ മൂല്യങ്ങളുമായി ചേർന്നുപോകുന്നതുകൊണ്ട് ഇതിൽ പറയുന്ന ഏതെങ്കിലും കാര്യങ്ങളിൽ ആർക്കും ഭയപ്പെടേണ്ട കാര്യമില്ല. ഇടത് ലിബറൽ ചിന്താഗതികൾ പലപ്പോഴും ജനത്തെ കൂടുതൽ ഗവണ്മെന്റിനെ ആശ്രയിക്കുന്ന തരത്തിൽ മാറ്റിയെടുക്കാനുള്ള പ്രവണതയാണുള്ളത്. വെറുതെയിരുന്ന് ശമ്പളം വാങ്ങുന്ന തസ്തികകൾ സൃഷ്ടിച്ച്, കാര്യക്ഷമമായി പ്രവർത്തിക്കുന്നവരെയും നിരുത്സാഹപ്പെടുത്തി, ഗവൺമെന്റിന് അനാവശ്യനഷ്ടങ്ങൾ ഉണ്ടാക്കുന്ന ഇത്തരക്കാരെ ഒഴിവാക്കിയാൽ അത് ചോദ്യം ചെയ്യുവാൻ പോലും പറ്റാത്ത സാഹചര്യമാണ് ഇന്ന് അമേരിക്കയിൽ പലയിടങ്ങളിലുമുള്ളത്. ഗവൺമെന്റിൽ നിന്നും കൂടുതൽ ജനത്തെ സ്വതന്ത്രരാക്കി കൂടുതൽ കാര്യക്ഷമതയുള്ളവരാക്കുവാനും പ്രൊജക്റ്റ് 2025 എന്ന ആശയത്തിന് കഴിയും. ഇതിനെ എതിർക്കുന്നവർ പ്രധാനമായും പറയുന്നത്, ഇത് വലതുപക്ഷ അജണ്ട നടപ്പിലാക്കുവാനുള്ള ശ്രമമാണെന്നാണ്. എന്നാൽ ഇത്തരം പൊജെക്ടുകളെ നിരാകരിച്ച് ഗവൺമെന്റിന് തങ്ങളെത്തന്നെ അടിമകളാക്കി ജീവിതത്തിൽ സകലതും നഷ്ടപ്പെടുത്തിയ കമ്മ്യുണിസ്റ്റ് രാജ്യങ്ങളെ ഇവർ കാണുന്നതുമില്ല.

## ഒരേ പ്രപഞ്ചത്തിൽ

5-ാം പേജ് തുടർച്ച

ണുണ്ടായത്. എന്റെ നിയന്ത്രണങ്ങൾക്കപ്പുറത്തുള്ള ഒരു പ്രവാഹമാണത്. അതിനുള്ളിൽ ഞാനകപ്പെടുകയല്ലാതെ വേറെ വഴിയില്ലായിരുന്നു. അപരിചിതമായ വഴികളിലൂടെ എന്നെ അത് വലിച്ചിഴച്ച് കൊണ്ടുപോയി പുതിയ ഭൂപ്രകൃതി കാണിച്ചുതന്നു.

എല്ലാവരുടെയും മനസ്സ് ഒരേ ആകാശത്തിലാണല്ലോ ജീവിക്കുന്നത്. ഞാൻ മാത്രമല്ല, എല്ലാ കാലങ്ങളിലെയും എഴുത്തുകാരും കലാകാരന്മാരും അതിൽ ജീവിച്ചവരാണ്. ഒരാൾക്കും ഈ ആകാശമല്ലാതെ വേറൊന്നുമില്ല. അതുകൊണ്ട് ഈ ആകാശം വിനിമയം ചെയ്യുന്നതിന്റെ ആകെത്തുക ഒന്നു തന്നെയായിരിക്കും വിഭിന്നമായ രൂപഭാവങ്ങളുണ്ടെങ്കിലും. ഓരോ മനുഷ്യനും വ്യത്യസ്തമായ ആകാശമുണ്ടെന്ന് പറയുന്നത് ആലങ്കാരികമാണ്. വ്യക്തിപരമായ അഭിവീക്ഷണങ്ങളുടെ ആകാശമുണ്ടാകാം. ചിലപ്പോൾ വ്യക്തികൾ അവരുടെ മാനസികാവസ്ഥയ്ക്കനുസരിച്ച് പലതും കാണുന്നു. ആത്മനിഷ്ഠമായ കാഴ്ചകളുണ്ട്. കലയിൽ ആത്മനിഷ്ഠതയാണുള്ളത്. ഓരോ നിമിഷത്തിലെയും തോന്നലുകൾക്ക് മാനമുണ്ട്. തോന്നലുകളാണ് ജീവിപ്പിക്കുന്നത്. സത്യത്തെക്കുറിച്ചും മിഥ്യയെക്കുറിച്ചുമുള്ള ചിന്തകൾ ഒരേ തരം യുക്തി കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്. സത്യം കുറേ കഴിയുമ്പോൾ മിഥ്യയാകാം. അനേകം സത്യങ്ങളുണ്ടാകുന്നത്, പലർ പല കോണുകളിലൂടെ നോക്കുന്നതുകൊണ്ടാണ്. ഒരു സാഹിത്യകൃതിയെ വായനക്കാർ പല കോണുകളിലൂടെ നോക്കി പല അനുമാനങ്ങളിലെത്തിച്ചേരുകയാണല്ലോ ചെയ്യുക. ഒരു ചിത്രത്തെയും അങ്ങനെയാണ് നോക്കുന്നത്. വാൻഗോഗിന്റെ The Starry Night ഓരോ കാണിക്കും ഓരോ അനുഭവമാണ്. എല്ലാ കാണികളെയും കാഴ്ചയുടെ തലത്തിൽ ഏകീകരിക്കാനോ ഉദ്ഗ്രഥിക്കാനോ കലാകാരൻ ഉദ്ദേശിച്ചിട്ടില്ല. അത് അസാധ്യവുമാണ്.

മനുഷ്യമനസ്സ് എപ്പോഴും സ്വയം ഭിന്നിക്കുകയാണ്. കാരണം, അതിനു സ്ഥായിയായ ഒരവസ്ഥയിരിക്കുന്നതാണ് വിമുഖമായിട്ടുള്ളത്. എപ്പോഴും സ്വയം കലഹിച്ചുകൊണ്ടാണ് മനസ്സ് പ്രവർത്തിക്കുന്നത്. അത് മനസ്സിന്റെ അതിജീവനമാണ്. നമ്മളെല്ലാം അളവറ്റ രീതിയിൽ, സീമയറ്റ രീതിയിൽ ഒരേ മനുഷ്യകുലത്തിന്റെയും ജൈവാനുഭവത്തിന്റെയും ഒരേ പ്രാപഞ്ചികതയാണ് വീതിച്ചെടുക്കുന്നത്; മറ്റൊന്ന് അസാധ്യമാണ്. എല്ലാം മനസ്സിൽ നിറച്ചിരിക്കുകയാണ്. ഒരു വലിയ പാറയിൽ നിന്ന് ഏത് ശില്പവും കൊത്തിയെടുക്കാം. മയിലും ഒട്ടകവും മനുഷ്യനുമെല്ലാം പാറയിലുണ്ട്.

എല്ലാത്തിനും ആ പാറ തന്നെ മതി. പക്ഷേ, ശില്പി ഏതാണോ കാണുന്നത് അതാണ് കൊത്തിയെടുക്കുന്നത്. അതുകൊണ്ട് മറ്റു ശില്പങ്ങൾ അതിലില്ല എന്നു പറയാനാവില്ല. എല്ലാം ആ പാറയിലുണ്ട്. എല്ലാം നമുക്ക് കൊത്തിയെടുക്കാനാവില്ല. ഇതുതന്നെയാണ് മനസ്സിന്റെ കാര്യത്തിലുമുള്ളത്. മനസ്സിൽ നിന്ന് ഏതുകാലത്തിന്റെയും ചരിത്രം കണ്ടുപിടിക്കാം. ഏതു പ്രവചനവും സാധ്യമാണ്. ഒരു പ്രപഞ്ചമേയുള്ളു. ഭൂമിയിലെ കാലത്തിൽ മാത്രമാണ് നമ്മുടെ കൊത്തുപണികൾ. ഭൂമിയിലെ കാലമാകട്ടെ ആവർത്തനമാവുകയാണ് ചെയ്യുന്നത്. പിറവി തന്നെ ആവർത്തനമല്ലേ? ഒരു വിത്തിൽ നിന്നു മറ്റൊരു വിത്ത്; അതിൽ നിന്നു മറ്റൊരു വിത്ത്. അതങ്ങനെ തുടരുകയാണ്. മനുഷ്യനിൽ വീണ്ടും മനുഷ്യൻ പിറക്കുന്നു. പല കാലങ്ങളിൽ, പല സ്ഥലങ്ങളിൽ ഇതുതന്നെ സംഭവിക്കുന്നു. ആഫ്രിക്കയിലും യൂറോപ്പിലും. ഏഷ്യയിലുമെല്ലാം മനുഷ്യൻ തന്നെ പിറക്കുന്നു. മനുഷ്യപ്പിറവിക്ക് മനുഷ്യൻ തന്നെയാണ് കാരണമാകുന്നത്. എല്ലാവർക്കും ചിന്തിക്കാൻ ഒരു മനസ്സേയുള്ള ഒരേ മനസ്സ് എന്നു പറയാം. ഒരേ മനസ്സുള്ള നമ്മൾ അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കയാണ്.

### പാറയിൽ നിന്ന് എന്തും കൊത്താം

എനിക്ക് നെപ്പോളിയനിൽ നിന്നോ, ബിഥോവനിൽ നിന്നോ വ്യത്യാസപ്പെടാനാവുന്നത് തിരഞ്ഞെടുപ്പുകളുടെയും സിദ്ധികളുടെയും കാര്യത്തിലാണ്. മനസ്സിന്റെ കാര്യത്തിൽ ഞങ്ങൾ ഒരേ ഉറവിടത്തിൽ നിന്നാണ് വന്നിട്ടുള്ളത്. ഒരേ മനസ്സുകൊണ്ടാണ് ഞങ്ങൾ സ്വയം അറിഞ്ഞിട്ടുള്ളത്. എന്റെ സ്നേഹിതനെ ഞാനും എന്നെ എന്റെ സ്നേഹിതനും അറിയുന്നത് ഒരേ മനസ്സുകൊണ്ടാണ്. എന്നാൽ പാറയിൽ നിന്നു എന്ത് കൊത്തിയെടുക്കണമെന്നത് 'ശില്പി' യുടെ തിരഞ്ഞെടുപ്പായതുകൊണ്ട് ഒരേപോലെ ചിന്തിക്കണമെന്നില്ല. ഒരേപോലെ ചിന്തിച്ചാൽ മനുഷ്യൻ തമ്മിൽ ഒരു സംവാദവും സാധ്യമല്ല; പ്രണയം പോലും സാധ്യമല്ല. പ്രണയത്തിന്റെ അടിസ്ഥാനം എന്നിലില്ലാത്തത് ഞാൻ തേടുന്നു എന്നതാണ്. എന്നെ ഭ്രമിപ്പിക്കണമെങ്കിൽ, ആകർഷിക്കണമെങ്കിൽ എനിക്കില്ലാത്തത് എന്തോ ആകണം. ഒരേ പ്രപഞ്ചത്തിന്റെ, മനസ്സിന്റെ ആകാശത്തിനുള്ളിൽ മാത്രമേ ഈ ആകർഷണം സാധ്യമാകൂ. അന്യമായൊരു ലോകത്തിനോട് നമുക്ക് ആകർഷണമുണ്ടാവുകയില്ല. എല്ലാത്തിന്റെയും സ്വരം ഒന്നാണെന്നു ഗ്രഹിക്കാൻ അനേകമനേകം പൊയ്സ്വരങ്ങളെ കണ്ടുപിടിച്ചു ഡിലീറ്റ് ചെയ്യേണ്ടിവരും. നമ്മുടേതായ ഒന്നിനെ തന്നെയാണ് ഡിലീറ്റ് ചെയ്യുന്നത്; അത് നമ്മുടേതായി നിലനിൽക്കുന്നതിനാൽ പ്രസക്തിയില്ല എന്നറിയുന്നതുകൊണ്ടാണ്.

ലോകത്തിലെ വ്യത്യസ്തതകൾ റിഹേഴ്സലുകളായി കണ്ടാൽ മതി. ഒരു കോസ്മിക് ഷോയിലെന്നപോലെ അത് മറവിയിലേക്ക് മായുകയാണല്ലോ ചെയ്യുന്നത്. എത്രയോ കോടി കോസ്മിക് ഷോകൾ നാം ഈ ലോകത്തും നമ്മുടെ മനസ്സിലും കണ്ടുകഴിഞ്ഞു! എല്ലാം അപ്രത്യക്ഷമായിരിക്കുന്നു, പുതിയ ഷോകൾക്ക് വേണ്ടി. വിവിധ വർണ്ണങ്ങളും രൂപങ്ങളും വന്നു നിറയുകയാണ്. തൊട്ടടുത്ത നിമിഷത്തിൽ നിഷ്ക്രമിക്കുകയാണ്. ഇന്നലെകളിലെ വർത്തമാനങ്ങളെല്ലാം ലോകമറിയാതെ തന്നെ വിസ്മൃതമായിരിക്കുന്നു. ഈ ലോകത്തിന്റെ വർത്തമാനങ്ങൾ ആർക്കും തന്നെ സ്ഥിരമായി വേണ്ട; അത് ഓരോരുത്തരുടെയും താൽക്കാലിക ആവശ്യം മാത്രമാണ്. അതിനുശേഷം അത് മറവിയിലേക്കാണ് പോകുന്നത്. പ്രകൃതി മറവിയിലാണ് വീണ്ടും ജനിക്കുന്നത്. എല്ലാം മറക്കുകയാണ്, മറവിയിലേക്ക് ആഴ്ന്നു പോവുകയാണ്. പക്ഷി, മൃഗ, പ്രാണിക്കൂട്ടങ്ങളെല്ലാം, നൂറ്റാണ്ടുകളായി, വിസ്മൃതിയിലേക്ക് പോയി എരിയുന്നു. മനുഷ്യരും അങ്ങനെ തന്നെ. അങ്ങനെ നോക്കുമ്പോൾ ഈ ലോകത്തിന്റെ ആവർത്തനങ്ങൾക്ക് വ്യത്യസ്ത അർത്ഥമുണ്ടാവാൻ തരമില്ല.

### എന്നും ഒരു സൂര്യൻ

എല്ലാം അതിന്റെ തന്നെ മറവിയിൽ, കുമിളകളെന്ന പോലെ ഇല്ലാതാവുകയാണ്. ലോകത്തിൽ ആര് ചിന്തിച്ചതും എന്നിലുണ്ട്. എന്നിലേക്ക് നിർബാധം എല്ലാ കെട്ടുപാടുകളും ഉപേക്ഷിച്ചു കടന്നു ചെന്നാൽ എനിക്ക് എല്ലാ മഹത്തായ ചിന്തകളിലുമെത്താം. അതിൽ അതിശയമൊന്നുമില്ല. മണ്ണിനടിയിൽ ആഴത്തിലുള്ള ഒരു ജലപാത എല്ലാവർക്കും കാണാവുന്നതാണ്; അവിടേക്ക് എത്താനാണ് പ്രയാസം. അങ്ങനെയൊരു ജലപാതയുണ്ടെന്ന വസ്തുത നിരാകരിക്കാതിരുന്നാൽ മതി. നമുക്ക് സ്വന്തമല്ലാത്തതായി ഇവിടെ യാതൊന്നുമില്ല. നൂറ്റാണ്ടുകൾ കഴിഞ്ഞ് എഴുതപ്പെടാവുന്ന പുസ്തകങ്ങൾ എന്നിലുണ്ട്. മിന്നൽ പോലെ ആ പുസ്തകങ്ങൾ നമ്മുടെ മനസ്സിലൂടെ പാഞ്ഞുപോകുന്നുണ്ട്. നേരിയ ഒരു തോന്നലിൽ അത് പ്രകാശം വിതറുന്നു. എന്നാൽ അതിനെ യഥാർത്ഥ വലിപ്പത്തിൽ, പരപ്പിൽ ഉൾക്കൊള്ളാനുള്ള സന്ദർഭം നമുക്ക് ഒത്തുവരുന്നില്ല. അഗാധതകളിൽ നമ്മെ ഒന്നിപ്പിക്കുന്ന ഒരു ചാലുണ്ട്.

നമുക്ക് ഒരു സൂര്യനേയുള്ളൂ. അതാണല്ലോ നമ്മെ ജീവിപ്പിക്കുന്നത്. എല്ലാ കാലത്തും ഒരു സൂര്യൻ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന സത്യം നമ്മൾ ഏത് കാലത്തും ഒന്നാണെന്നു ഉറപ്പിക്കുന്നു. എല്ലാവരുടെയും സൂര്യൻ ഒന്നു തന്നെ. അതുകൊണ്ട് എല്ലാ കാലങ്ങളുടെയും പ്രതീകമാണത്.

# ഇസ്രായേലിലെ യുഎസ് അംബാസഡറായി മൈക്ക് ഹക്കബിയെ ട്രംപ് നോമിനേറ്റ് ചെയ്തു



വാഷിംഗ്ടൺ ഡി സി: അർക്കൻസാസ് മുൻ ഗവർണർ മൈക്ക് ഹക്കബിയെ ഇസ്രയേലിലെ അംബാസഡറായി നിയുക്ത പ്രസിഡന്റ് ട്രംപ് നോമിനേറ്റ് ചെയ്തു

വരാനിരിക്കുന്ന ട്രംപ് ഭരണകൂടത്തിൽ ഇസ്രായേലിലെ അടുത്ത യുഎസ് അംബാസഡറായി മുൻ അർക്കൻസാസ് ഗവർണർ മൈക്ക് ഹക്കബി തിരഞ്ഞെടുക്കപ്പെട്ടതായി നിയുക്ത പ്രസിഡന്റ് ട്രംപ് ചൊവ്വാഴ്ച പ്രഖ്യാപിച്ചു.

ട്രംപിന്റെ അടുത്ത ഭരണകൂടത്തിൽ ശക്തരായ ഇസ്രായേൽ അനുഭാവികളുടെ വർദ്ധിച്ചുവരുന്ന പട്ടികയിലെ മറ്റൊരു വ്യക്തിയാണ് ബാപ്റ്റിസ്റ്റ് മന്ത്രിയായ ഹക്കബി. ഇറാൻ പിന്തുണയുള്ള ഭീകര സംഘടനകളായ ഹമാസിനും ഹിസ്ബുള്ളയ്ക്കും എതിരെ യുദ്ധം ചെയ്യുന്നതിനാൽ ഇസ്രായേലുമായുള്ള യുഎസ് ബന്ധം ശക്തിപ്പെടുത്തുമെന്ന് ട്രംപ് വാഗ്ദാനം ചെയ്തു. 'അർക്കൻസാസ് മുൻ ഗവർണർ മൈക്ക് ഹക്കബിയെ ഇസ്രായേലിലെ യുണൈറ്റഡ് സ്റ്റേറ്റ്സ് അംബാസഡറായി നാമനിർദ്ദേശം ചെയ്തതായി അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്,' ട്രംപ് പ്രസ്താവനയിൽ പറഞ്ഞു.

'മൈക്ക് വർഷങ്ങളായി ഒരു മികച്ച പൊതുപ്രവർത്തകനും ഗവർണറും വിശ്വാസിയുമായ ഒരു നേതാവുമാണ്. അദ്ദേഹം ഇസ്രായേലിനെയും ഇസ്രായേൽ ജനതയെയും സ്നേഹിക്കുന്നു, അതുപോലെ തന്നെ, ഇസ്രായേൽ ജനങ്ങളും അവനെ സ്നേഹിക്കുന്നു. മിഡിൽ ഈസ്റ്റിൽ സമാധാനം കൊണ്ടുവരാൻ മൈക്ക് അക്ഷീണം പ്രവർത്തിക്കും. ട്രംപ് പറഞ്ഞു.

**പി.പി. ചെറിയാൻ**

# സത്യത്തെ തമസ്കരിക്കുന്ന അഹന്തയും അഹങ്കാരവും

4-ാം പേജ് തുടർച്ച

ഞാൻ തയ്യാറാണ്.

ഒരു മന്ത്രവാദി അല്ല എന്ന് അറിയാമായിരുന്നിട്ടും രാജാവ് അതിനുള്ള അനുമതി തന്റെ പ്രജക്ക് നൽകി. വിജയശ്രീലാളിതനായ മന്ത്രവാദിയും പ്രജയും നേർക്കുനേർ അണിനിരന്നു. വളരെ വിനീതനായി പ്രജ മന്ത്രവാദിയോട് ഇപ്രകാരം പറഞ്ഞു ഞാൻ ഒരു ജാലവിദ്യ ചെയ്യുവാൻ പോവുകയാണ് കണ്ണടച്ചു കൊണ്ടായിരിക്കും അത് ചെയ്യുക ഞാൻ ചെയ്യുന്ന ജാലവിദ്യ അങ്ങേയ്ക്ക് കണ്ണുതുറന്നു ചെയ്യുവാൻ സാധിക്കുമോ എന്ന് അങ്ങ് പരീക്ഷിക്കണം. മന്ത്രവാദിയുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്ന അഹന്ത ഈ പ്രജയുടെ നിസ്സാര ചോദ്യത്തെ പുച്ഛരസത്തോടെയാണ് ശ്രവിച്ചത്. കണ്ണടച്ച് ജാലവിദ്യ ചെയ്യുമ്പോൾ കണ്ണ് തുറന്നിരിക്കുന്ന എനിക്ക് അത് ചെയ്യുവാൻ ഒരു പ്രയാസവും ഉണ്ടാകില്ല എന്ന് മനസ്സ് മന്ത്രിച്ചു. സമ്മതം നൽകിയതോടെ ഭൃത്യൻ അവിടെ നിന്നിരുന്ന മറ്റൊരു പ്രജയോട് ഒരു വലിയ ടീസ്പൂൺ നിറയെ ഏറ്റവും എരിവേറിയ മുളകുപൊടി കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. കണ്ണ് അടച്ചു പിടിച്ച് ആ മുളകുപൊടി കണ്ണിൽ വിതറി. ഇത് കണ്ട് മന്ത്രവാദിയുടെ മനസ്സ് ഒന്ന് പിടച്ചു. അടുത്ത ഊഴം തന്റേതാണ്. ഈ വിദ്യ എങ്ങനെയാണ് കണ്ണുതുറന്നു എനിക്ക് ചെയ്യുവാൻ കഴിയുക. തന്റെ ഹൃദയത്തിൽ ഉയർന്നുവന്ന അഹന്തയും അഹങ്കാരത്തിലും മന്ത്രവാദിക്ക് ശരിക്കും പശ്ചാത്താപം തോന്നി. കയ്യിൽ ലഭിച്ച മുളകുപൊടിയുടെ ടീസ്പൂൺ തിരികെ ഏൽപ്പിച്ചു. പ്രജയുടെ കാലിൽ തൊട്ട് വന്ദിച്ചു 'പറഞ്ഞുപോയ അപരാധം ക്ഷമിക്കണമേ' എന്നു അപേക്ഷിച്ചു. പരാജയം സമ്മതിച്ച് ലജ്ജിതനായി സദസ്സിൽ നിന്നും വിട വാങ്ങുകയും ചെയ്തു.

അപ്രതീക്ഷിതമോ പ്രതീക്ഷിച്ചതോ ആയ പ്രശംസയും അംഗീകാരവും ലഭിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉയർന്നുവരുന്ന വികാരം എന്താണ്. അത് ലഭിക്കുവാൻ ഇടയായ സാഹചര്യങ്ങളെ എങ്ങനെയാണ് നാം നോക്കിക്കാണുന്നത്. രാജാവിന്റെ മുൻപിൽ നമ്രശിരസ്കനായി നിന്ന് മന്ത്രവാദി വിജയങ്ങളുടെ പടവുകൾ ഓരോന്നായി പിന്നിട്ടപ്പോൾ ഏതൊരു വികാരത്തിന് അടിമപ്പെട്ടുവോ അതിന്റെ പരിണതഫലമായി ജീവിതത്തിൽ പരാജയവും അപമാനവും ഏറ്റുവാങ്ങുവാൻ ഇടയായത്. സമൂഹത്തിന്റെ കണ്ണു ഉറപ്പിക്കേണ്ടത് അല്ലേ?

സ്വയത്തെ മഹത്വവൽക്കരിച്ച് മറ്റുള്ളവരെ നിസ്സാരമായി കാണുന്ന മനോഭാവമാണ് അഹങ്കാരം. സത്യത്തെ തമസ്കരിക്കുകയെന്നത് ഈ ദുസ്വഭാവത്തിന്റെ പ്രകടഭാവമാണ്. ഒരാളുടെ മനസ്സിൽ അഹങ്കാരം അങ്കുരിച്ചാൽ യാഥാർഥ്യങ്ങളെ അംഗീകരിക്കാൻ അയാൾ വിമുഖത പ്രകടിപ്പിക്കും. തന്നെ സംബന്ധിച്ച് അതിരുകളില്ലാത്ത അഭിമാനത്തിനും, അന്യരോടുള്ള അമിത അവമതിപ്പിനുപോലുമത് കാരണമായിത്തീരുന്നു. പരാജയവും നിന്ദയും ഏറ്റുവാങ്ങാനിടയാക്കുന്നത് ന്യായം കൂടെതെയുള്ള അഹങ്കാരം നിമിത്തമായിരിക്കുമെന്ന് നാം ഓർത്തിരിക്കണം.

# രാഹുൽ എന്ന സ്നേഹദൂതൻ അമേരിക്കയിൽ

1-ാം പേജ് തുടർച്ച

മ്പാണ് കോൺഗ്രസിന്റെ എല്ലാ ബാങ്ക് അക്കൗണ്ടുകളും പൂട്ടിയത്. നയാപൈസയില്ലാതെ കോൺഗ്രസ് തെരഞ്ഞെടുപ്പ് യുദ്ധത്തിൽ പോരാടിയത് ഇന്ത്യയെന്ന ആശയത്തെ സംരക്ഷിക്കാനായിരുന്നു.

**ഇന്ത്യയെന്ന ആശയം**

എന്താണ് ഇന്ത്യയെന്ന ആശയം? അതു വിശദീകരിക്കാൻ രാഹുൽ സദസിലേക്കു നോക്കിയപ്പോൾ പെട്ടെന്നു തന്നെ പഞ്ചാബി ചാനൽ പ്രവർത്തകനെ ശ്രദ്ധയിൽപ്പെട്ടു. 'താങ്കളുടെ പേരെന്താണ്?' രാഹുൽ ചോദിച്ചു.

അപ്രതീക്ഷിത ചോദ്യം കേട്ട് പഞ്ചാബി ചുറ്റും നോക്കി. അതേ, താങ്കളോടു തന്നെയെന്ന് രാഹുൽ.

"ബൽവീന്ദർ സിംഗ്' അദ്ദേഹം മറുപടി പറഞ്ഞു.

പഞ്ചാബിയാണെന്ന് വ്യക്തമായപ്പോൾ രാഹുൽ പറഞ്ഞു "ഞങ്ങളുടെ പോരാട്ടം ഒരു സിക്കുകാരന് ടർബൻ ധരിക്കാനും വളയിടാനും ഗുരുദ്വാരയിൽ പോകാനുമുള്ള അവകാശത്തിനാണ്. അതുപോലെ മറ്റെല്ലാ മതവിഭാഗങ്ങളുടെയും അവകാശം സംരക്ഷിക്കാനാണ്."

രാജ്യത്തിന്റെയും കോൺഗ്രസിന്റെയും ചേതോഹാരിയായ സങ്കല്പത്തെ രാഹുൽ ഗാന്ധി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ പ്രവാസികളുടെ മുന്നിൽ അവതരിപ്പിച്ച ഉടനേ സംഘപരിവാർ അതിനെ വളച്ചൊടിച്ച് വികൃതമാക്കി വൻ പ്രചാരണം അഴിച്ചുവിട്ടു. ഇന്ത്യയെ രാഹുൽ ഗാന്ധി വിദേശത്ത് അപമാനിച്ചു, രാജ്യത്ത് ന്യൂനപക്ഷങ്ങൾ ഭീഷണി നേരിടുകയാണെന്ന് രാഹുൽ പ്രസംഗിച്ചു എന്നൊക്കെ അവർ പ്രചരിപ്പിച്ചു. നട്ടാൽ കുരുക്കാത്ത നുണകളാണ് ആർഎസ്എസ് ഫാക്ടറികളിൽനിന്ന് ഞൊടിയിടെ പണിതിറക്കിയത്. എന്തൊരു സ്പീഡ്! ഇങ്ങനെയൊരു കാര്യം രാഹുൽ ഗാന്ധി ദുഃസ്വപ്നത്തിൽ പോലും കണ്ടിട്ടില്ല. പ്രവാസി സംഗമത്തിനെത്തിയ ആയിരത്തിലധികം പ്രതിനിധികളും കേട്ട പ്രസംഗത്തിൽ സംഘപരിവാർ പ്രചരിപ്പിക്കുന്ന പരാമർശം ഉണ്ടായിട്ടേയില്ല.

വസ്തുതകളെ നിന്നനില്പിൽ വളച്ചൊടിക്കാനും കള്ളപ്രചാരണം നടത്താനും സംഘപരിവാരങ്ങൾക്കുള്ള അപാരമായ ശക്തിക്കു മുന്നിൽ നമോവാകം. അദ്ദേഹത്തിന്റെ വാക്കുകൾ സംഘപരിവാരങ്ങളെ പൊള്ളിച്ചുവെന്ന് വ്യക്തം. രാഹുൽ ഗാന്ധിയെ വർഷങ്ങളായി ഈ രീതിയിലാണ് വേട്ടയാടിക്കൊണ്ടിരിക്കുന്നത്. ഏകാധിപത്യത്തിനെതിരേ സംസാരിക്കുന്ന മറ്റുള്ളവരെയും. അവരെ ഭയപ്പെടുത്തുക, കേന്ദ്രഅന്വേഷണ ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടുക, സാമ്പത്തികമായി തകർക്കുക, എതിർക്കുന്നവരെ ഇല്ലാതാക്കുക തുടങ്ങിയ എല്ലാവിധ ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾക്കും നാട് സാക്ഷ്യം വഹിച്ചു. അതു വൈകിയാണെങ്കിലും തിരിച്ചറിഞ്ഞു എന്നാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്. രാഹുൽ ഗാന്ധി ചൂണ്ടിക്കാട്ടിയതുപോലെ 56 ഇഞ്ച് നെഞ്ചിന്റെ കഥ കഴിഞ്ഞു!

തന്റെ വാക്കുകൾ ഇന്ത്യയിൽ വളച്ചൊടിക്കുകയാണെന്ന് ആമുഖ പ്രസംഗത്തിൽ സാം പെട്രോഡ ചൂണ്ടിക്കാട്ടി. അതിൽ തനിക്കു വലിയ വിഷമമുണ്ടെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇത് എല്ലാവർക്കും സംഭവിക്കുന്നുണ്ടെന്ന് രാഹുൽ ചൂണ്ടിക്കാട്ടി. ഇത് നിത്യസംഭവമാണ്. രാഹുലിന്റെ അമേരിക്കൻ പ്രസംഗവും വളച്ചൊടിച്ചു.

**വളച്ചൊടിക്കൽ മോദി വക**

പ്രധാനമന്ത്രി നരേന്ദ്രമോദി വിദേശത്ത് വച്ച് ഇന്ത്യയിൽ നടക്കുന്ന എത്രയെത്ര കാര്യങ്ങളാണ് വളച്ചൊടിച്ച് സംസാരിച്ചത്. വിസ്മയകരമായ വൈജാത്യങ്ങളുടെ രാജ്യമായ ഇന്ത്യയിൽ എല്ലാവരും പ്രത്യേകിച്ച് ന്യൂനപക്ഷങ്ങൾ സുരക്ഷിതരാണെന്നു മോദി അവകാശപ്പെടുമ്പോഴാണ് പൗരത്വഭേദഗതി നിയമം പോലുള്ള നിർദയ നിയമങ്ങൾ നടപ്പാക്കിയത്. രാജ്യത്ത് നിലനിന്ന മതസൗഹാർദം ആടിയുലയുമ്പോഴും മോദി വിദേശത്ത് സംസാരിക്കുന്നത് മതസൗഹാർദത്തെക്കുറിച്ചാണ്. കോവിഡ് കൈകാര്യം ചെയ്തതിലെ പരാജയം, ലോക്ഡൗണുകൾ, നോട്ടുനിരോധനം തുടങ്ങിയ അബദ്ധങ്ങളെല്ലാം ഐതിഹാസിക നേട്ടങ്ങളായാണ് മോദിയുടെ പ്രചാരണം.

ജനാധിപത്യമൂല്യങ്ങളെക്കുറിച്ച് വാചാലനാകുമ്പോൾ രാജ്യത്തെ പ്രതിപക്ഷ നേതാക്കളെ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടുകയും അവരുടെ ബാങ്ക് അക്കൗണ്ടുകൾ പൂട്ടുകയും ചെയ്യുന്നു. ഭീതിയുടെ അന്തരീക്ഷം സൃഷ്ടിച്ച് എല്ലാവരേയും ചൊല്പടിക്കു നിർത്തുന്നു. രാജ്യത്തെ ഒന്നോ രണ്ടോ കുത്തകകൾ വളരുമ്പോൾ ഇന്ത്യ പുരോഗതിയിലേക്കു കുതിക്കുകയാണെന്ന് അവകാശപ്പെടുന്നു. മോദി ഇങ്ങനെയൊക്കെ പറയുമ്പോൾ അതൊക്കെ ഏറ്റുപറഞ്ഞ് സംഘപരിവാരങ്ങൾ സത്യമാക്കുന്നു. ഗീബൽസിയൻ തന്ത്രം!

**കേരളമെന്നാൽ**

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവരെ ശ്രദ്ധിച്ച രാഹുൽ ഒന്നു രണ്ടു സംസ്ഥാനങ്ങളുടെ പേരു പറഞ്ഞു. ഉടനെ ഓരോ സംസ്ഥാനത്തുനിന്നുള്ളവർ അവരുടെ സംസ്ഥാനത്തിന്റെ പേരു വിളിച്ചു പറഞ്ഞു. രാഹുൽ അത് ഏറ്റുപറഞ്ഞു. കേരളത്തിന്റെ പേരു പറഞ്ഞപ്പോൾ വലിയ കൈയടി ഉയർന്നു. ധാരാളം മലയാളികൾ പരിപാടിക്കുണ്ടായിരുന്നു. ചിലർ വയനാട് എന്നും വിളിച്ചു പറഞ്ഞു.

'കേരളത്തിൽ നിന്നാണ് ഞാൻ ലോക്സഭയിലേക്കു മത്സരിച്ചത്. കേരളം എന്നു പറയുമ്പോൾ അത് വെറുമൊരു വാക്കല്ല. കേരളത്തിന്റെ ചരിത്രം, ഭാഷ, സംസ്കാരം, ചരിത്രം തുടങ്ങിയ ഒരുപിടി കാര്യങ്ങളുണ്ട്. ഇവിടെ ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളുമുണ്ട്. എന്നാൽ ആർഎസ്എസ് പറയുന്നത് ചില സംസ്ഥാനങ്ങളും ചില പ്രദേശങ്ങളും ചില മതവിശ്വാസങ്ങളുമൊക്കെ താഴ്ന്നതാണെന്നാണ്. എല്ലാവരും തുല്യരാണ് എന്നതാണ് കോൺഗ്രസിന്റെ നയം. അമേരിക്കയിൽ ഡിന്നറിന് ആദ്യം ഒരു കോഴ്സ്, മെയിൻ കോഴ്സ്, ഒടുവിൽ മധുരം എന്നിങ്ങനെയാണ് വിളമ്പുന്നത്. എന്നാൽ ഇന്ത്യയിൽ എല്ലാം കൂടി ഒരു പാത്രത്തിൽ ഒരുമിച്ചാണ് വരുന്നത്. എല്ലാത്തിനും തുല്യ പ്രാധാന്യം. അതാണ് ഇന്ത്യയുടെ സംസ്കാരം.'

ഇന്ത്യയുടെ ദേശീയഗാനത്തിൽ അന്നുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളുടെയും പേരുകൾ പരാമർശിക്കുന്നുണ്ടെന്ന് ടെക്സസിലെ ഡാളസിൽ നടന്ന ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സമ്മേളനത്തിൽ രാഹുൽ പറഞ്ഞു. ഏതെങ്കിലുമൊരു സംസ്ഥാനം മികച്ചതാണെന്ന് അതിൽ പറയുന്നില്ല. ഇന്ത്യയെന്നത് സംസ്ഥാനങ്ങളുടെ യൂണിയൻ ആണെന്നാണ് ദേശീയഗാനം പഠിപ്പിക്കുന്നത്. ഏതെങ്കിലുമൊരു സംസ്ഥാനമോ, മതമോ, ഭാഷയോ മറ്റേതിനേക്കാൾ മികച്ചതല്ല. തെരഞ്ഞെടുപ്പുവേളയിൽ ഭരണഘടന ഉയർത്തിപ്പിടിച്ചാണ് താൻ സംസാരിച്ചത്. പ്രധാനമന്ത്രി ഭരണഘടനയെ ആക്രമിച്ചതുകൊണ്ടാണ് തനിക്കതു ചെയ്യേണ്ടി വന്നത്. രാജ്യത്തിന്റെ വൈവിധ്യത്തേയും പാരമ്പര്യത്തേയും ചരിത്രത്തേയും മോദി ആക്രമിച്ചപ്പോൾ അത് ഭരണഘടനയ്ക്ക് നേരേയുള്ള ആക്രമണമായിരുന്നു. പാർലമെന്റിൽ അഭയമുദ്ര (കൈപ്പത്തി)യെക്കുറിച്ചാണ് താൻ സംസാരിച്ചത്. രാജ്യത്തെ എല്ലാ മതങ്ങളിലും ഈ ചിഹ്നമുണ്ട്. ശിവഭഗവാനും ഗുരുനാനാക്കും ഉൾപ്പെടെ രാജ്യത്തെ എല്ലാ മതങ്ങളിലും കൈപ്പത്തി നിർഭയത്വത്തിന്റെ പ്രതീകമാണ്. അത് ബിജെപിക്ക് ഉൾക്കൊള്ളാനായില്ല. അവരെ പഠിപ്പിക്കുമെന്ന് ഞങ്ങൾ പറഞ്ഞു. തെരഞ്ഞെടുപ്പ് ഫലം വന്നതിനുശേഷം ആർക്കും മോദിയെയോ ബിജെപിയോ പേടിയില്ലെന്നായി. ഇത് ഭരണഘടനയുടെയും ഇന്ത്യൻ ജനാധിപത്യത്തിന്റെയും ജനങ്ങളുടെയും വിജയമാണ്. ഇവയ്ക്കെതിരേ നടക്കുന്ന ഒരാക്രമണവും നമ്മൾ അംഗീകരിക്കില്ല രാഹുൽ ചൂണ്ടിക്കാട്ടി.

**സ്നേഹഗീതം**

രാഷ്ട്രീയത്തിൽ കടിച്ചുകീറുന്നതിനു പകരം സ്നേഹത്തിന്റെ ഭാഷ ഉപയോഗിച്ച നേതാവാണ് രാഹുൽ ഗാന്ധി. മഹാത്മഗാന്ധിയുടെ ചില വീക്ഷണങ്ങളോട് ചേർന്നു നിൽക്കുന്നതാണ് അദ്ദേഹത്തിന്റെ സങ്കല്പങ്ങൾ. ഭാരത് യാത്ര നടത്തിയപ്പോൾ രാഹുൽ സ്വയം ചോദിച്ചു. 2004 മുതൽ രാഷ്ട്രീയത്തിൽ ഉണ്ടായിട്ടും എന്തുകൊണ്ടാണ് സ്നേഹം എന്ന വാക്ക് ഒരിക്കലും ഉപയോഗിക്കാത്തത്? സ്നേഹവും വാത്സല്യവും എല്ലാവരും അംഗീകരിക്കുന്ന മൂല്യങ്ങളാണ്. എന്തുകൊണ്ട് അതു രാഷ്ട്രീയനിഘണ്ടുവിൽ ഇല്ല? ഇനി അതു താൻ പരീക്ഷിക്കാം. സ്നേഹത്തിന്റെ പാതയിലൂടെ യാത്ര നടത്താം. വിദ്വേഷത്തിന്റെ കമ്പോളത്തിൽ അദ്ദേഹം സ്നേഹത്തിന്റെ കട തുറന്നു. മഹാത്മഗാന്ധി പ്രതിനിധീകരിക്കുന്ന രാഷ്ട്രീയത്തിന്റെ പ്രവാഹം ഇന്ത്യയിൽ ഉണ്ടെന്ന് രാഹുൽ വിശ്വസിക്കുന്നു. 'ഐ ലവ് യൂ' എന്നു പറഞ്ഞാണ് രാഹുൽ എല്ലായിടത്തും പ്രസംഗം അവസാനിപ്പിച്ചത്. ജനങ്ങൾ അതേറ്റു വിളിച്ചു. വിദ്വേഷത്തിന്റെ വിഭജനത്തിന്റെയും രാഷ്ട്രീയത്തിനിയിൽ ഒരു സ്നേഹദൂതൻ!

# ടെക്സാസിൽ ഗാർഹിക പീഡന കേസുകളിൽ വൻ വർധനവ്

ടെക്സാസ് : ടെക്സാസിൽ ഗാർഹിക പീഡനത്തിന്റെ വ്യാപനത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളിൽ നടപടിയെടുക്കാൻ സംസ്ഥാന നേതാക്കൾ.

ചൊവ്വാഴ്ച, ടെക്സസ് ആസ്ഥാനമായുള്ള നാല് യുഎസ് അറ്റോർണിമാരും ഡാളസിൽ ഒത്തുകൂടി, സംസ്ഥാനത്ത് നടക്കുന്ന ഗാർഹിക പീഡന പ്രതിസന്ധിയെക്കുറിച്ച് നീതിന്യായ വിശദീകരണം നൽകി.

ടെക്സാസ് കൗൺസിൽ ഓൺ ഫാമിലി വയലൻസ് സിഇഒ ഗ്ലോറിയ അഗ്യുലേര ടെറി പറയുന്നതനുസരിച്ച്,

പീഡനത്തിന് ഇരയാകുന്നത് 15 വയസ്സ് മുതൽ 88 വയസ്സ് വരെ പ്രായമുള്ളവരാണ്.

ചൊവ്വാഴ്ച, ടെക്സസ് ആസ്ഥാനമായുള്ള നാല് യുഎസ് അറ്റോർണിമാരും ഡാളസിൽ ഒത്തുകൂടി, സംസ്ഥാനത്ത് നടക്കുന്ന ഗാർഹിക പീഡന പ്രതിസന്ധിയെക്കുറിച്ച് നീതിന്യായ വിശദീകരണം നൽകി.

ടെക്സാസ് കൗൺസിൽ ഓൺ ഫാമിലി വയലൻസ് അനുസരിച്ച്, കഴിഞ്ഞ വർഷം ടെക്സാസിൽ ഗാർഹിക പീഡനത്തിന് ഇരയായ 205 പേർ അവരുടെ അടുത്ത പങ്കാളികളാൽ കൊല്ലപ്പെട്ടു. 2013 മുതൽ ഈ സംഖ്യ ഏകദേശം ഇരട്ടിയായി. ഇരകളിൽ പലരും നോർത്ത് ടെക്സസിലാണ് താമസിച്ചിരുന്നത്.

എല്ലാ കൗണ്ടികളിലും, ഗാർഹിക പീഡന കൊലപാതകങ്ങളിൽ സംസ്ഥാനത്ത് ഡാളസ് രണ്ടാം സ്ഥാനത്തും ടാരന്റ് കൗണ്ടി നാലാം സ്ഥാനത്തുമാണെന്നാണ് റിപ്പോർട്ട് കാണിക്കുന്നത്.

**പി.പി. ചെറിയാൻ**

# അസിസ്റ്റഡ് ഡൈയിംഗ് ബില്ലിനെതിരെ ഒരു മണിക്കൂർ പ്രാർത്ഥനയ്ക്ക് ആഹ്വാനം

ഇംഗ്ലണ്ടിലെയും വെയിൽസിലെയും കാത്തലിക് ബിഷപ്പുമാർ അവരുടെ ശരത്കാല പ്ലീനറി മീറ്റിംഗ് ഒരു മണിക്കൂർ പ്രാർത്ഥനയ്ക്ക് താൽക്കാലികമായി മാറ്റിവെക്കും

മരിക്കാനുള്ള അവകാശത്തിലേക്കു നയിക്കുന്ന അസിസ്റ്റഡ് ഡൈയിംഗ് ബില്ല് പ്രതീക്ഷിക്കുന്നതിനാൽ 'ഓരോ വ്യക്തിയുടെയും അന്തർലീനമായ അന്തസ്സാണ്' തങ്ങളുടെ ശ്രദ്ധയെന്ന് ബിഷപ്പുമാർ പറയുന്നു.

ഇംഗ്ലണ്ടിലെയും വെയിൽസിലെയും കാത്തലിക് ബിഷപ്പ്സ് കോൺഫറൻസിന്റെ പ്രസിഡന്റ് കർദിനാൾ വിൻസെന്റ് നിക്കോൾസ് എഴുതി: 'അസിസ്റ്റഡ് ഡൈയിംഗ് നിയമവിധേയമാക്കുന്നത് നമ്മുടെ ജീവിതം ദൈവത്തിന്റെ ദാനമല്ലെന്ന് പറയുന്നതിന് സമാനമായി ഓരോ മനുഷ്യൻറെയും പ്രാധാന്യത്തെയും സഹജമായ മൂല്യത്തെയും വളരെയധികം കുറയ്ക്കും.'

ലീഡ്സിലെ ഹിൻസി ഹാളിലുള്ള ഹോളി ഫാമിലിയുടെ ചാപ്പലിൽ നടക്കുന്ന പ്രാർത്ഥനയിൽ പങ്കുചേരാൻ കത്തോലിക്കാ സഭ മറ്റുള്ളവരോട് ആഹ്വാനം ചെയ്യുന്നു:

നമ്മുടെ ദേശത്തുടനീളം പ്രാർത്ഥനയുടെ ശക്തമായ നിമിഷം സൃഷ്ടിക്കണം. പ്രാർത്ഥനാപരമായ ഐക്യദാർഢ്യത്തിൽ ചേരാൻ ഞങ്ങൾ കത്തോലിക്കരെ അവരുടെ പള്ളികളിലോ അവരുടെ വീടുകളിലോ പ്രോത്സാഹിപ്പിക്കും. ബിഷപ്പുമാർ പറഞ്ഞു.

**പി.പി. ചെറിയാൻ**

# നാഷണൽ ഇന്റലിജൻസ് ഡയറക്ടറായി ട്രംപ് തുളസി ഗബ്ബാർഡിനെ തിരഞ്ഞെടുത്തു



വാഷിംഗ്ടൺ ഡി സി :നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ജെ. ട്രംപ് ബുധനാഴ്ച ദേശീയ ഇന്റലിജൻസ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നതിന് മുൻ ഡെമോക്രാറ്റിക് കോൺഗ്രസ് വുമൺ തുളസി ഗബ്ബാർഡിനെ തിരഞ്ഞെടുത്തു.

തുളസി ആദ്യത്തെ അമേരിക്കൻ സമോവൻ കോൺഗ്രസ് വുമണും യുഎസ് കോൺഗ്രസിലെ ആദ്യത്തെ ഹിന്ദു അംഗവുമാണ്.

ഇറാഖിൽ സേവനമനുഷ്ഠിച്ച ആർമി റിസർവിലെ ലെഫ്റ്റനന്റ് കേണൽ മിസ്. ഗബ്ബാർഡ്, വിദേശനയ സ്ഥാപനത്തിന്റെ ദീർഘകാല വിമർശകയാണ്. വിദേശത്ത് യുഎസ് സൈനിക ഇടപെടലിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ആഴത്തിൽ സംശയമുള്ള അനുയായികൾക്ക് മികച്ച വിദേശ നയ ജോലികൾ നൽകാൻ ട്രംപ് ഉദ്ദേശിക്കുന്നുവെന്നതിന്റെ മറ്റൊരു സൂചനയാണ് ഇവരുടെ നാമനിർദ്ദേശം.

2020ലെ പ്രസിഡന്റ് സ്ഥാനാർത്ഥിത്വത്തിനായുള്ള മത്സരത്തിൽ പരാജയപ്പെട്ടതിനെത്തുടർന്ന് മിസ് ഗബ്ബാർഡ് ഡെമോക്രാറ്റിക് പാർട്ടി വിട്ടു. ട്രംപിനോടുള്ള അവരുടെ തുടർന്നുള്ള ആവേശം അദ്ദേഹത്തെ അദ്ദേഹത്തിന്റെ അനുയായികൾക്കിടയിൽ ഒരു സെലിബ്രിറ്റിയാക്കി.

ഹവായ് സ്റ്റേറ്റ് സെനറ്റർ മൈക്ക് ഗബ്ബാർഡിന്റെയും , മുൻ ഹവായ് വിദ്യാഭ്യാസ ബോർഡ് അംഗം കരോൾ (പോർട്ടർ) ഗബ്ബാർഡിന്റെയും മകളായി ലെലോലോവ, അമേരിക്കൻ സമോവയിലായിൽ ഏപ്രിൽ 12, 1981നായിരുന്നു ജനനം .ഹവായ് പസഫിക് യൂണിവേഴ്സിറ്റിയിൽ 2009 ആ.ട.ആ.അ.,വിഭ്യാഭ്യാസം പൂർത്തീകരിച്ചു. ഹവായ് ആർമി നാഷണൽ ഗാർഡ്, സൈനിക സേവനവും (:20032020) യുഎസ് ആർമി റിസർവ്,മെയ്ജറായും (2020) ഇപ്പോൾ, ലെഫ്റ്റനന്റ് കേണലുമാണ്.

## 24 ന്യൂസ് ചാനലിന്റെ ഡാളസ് ബ്യൂറോ ചീഫ് ആയിട്ട് വിത്സൻ തരകൻ നിയമിതനായി




# സമാധാനം കൈവിട്ടുപോയോ?



**പാസ്റ്റർ ഷാജി ഇടുക്കി**



"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" എന്ന ദൂതന്മാരുടെ ഗീതികളിൽ ആയിരക്കണക്കിനു മനുഷ്യരുടെ ജീവിതത്തിൽ സമാധാനത്തിന്റെ അനുഭവം പ്രാപിച്ചിട്ടുണ്ടെന്നത് സാർവ്വത്രികമായ ഒരു വസ്തുതയാണ്. സമാധാനം എന്നത് ഒരു അനുഭവമാണ്. ഒരുപക്ഷേ, അത് ആർക്കും നിർവ്വചിക്കാൻ കഴിയാത്ത സാങ്കേതിക സങ്കീർണ്ണതയുള്ള ഒരു പദമാണ്. രാജ്യങ്ങളും കുടുംബങ്ങളും വ്യക്തികളുമെല്ലാം ഒരുപോലെ ഈ വാക്കിന്റെ അർത്ഥവ്യാപ്തി വ്യത്യസ്തതലങ്ങളിൽ തിരിച്ചറിയുന്നവരാണ്. ആത്മിക ഭൗതിക മേഖലയിൽ സമാധാനം എന്ന വാക്കിന് പ്രസക്തിയുണ്ട്.

സാമൂഹ്യ അന്തരീക്ഷം കലുഷിതമായതിനു ശേഷം ഉണ്ടാകുന്ന ശാന്തതയ്ക്ക് സമാധാനം എന്നു പറയും. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് വിരാമമിടുമ്പോൾ ഈ വാക്ക് ഉപയോഗിക്കാം. കുടുംബപ്രശ്നങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ ഇപ്പോൾ സമാധാനമുണ്ടെന്ന് പറയും. വ്യക്തിപരമായി ജീവിതത്തിൽ നേരിടുന്ന സംഘർഷഭരിതമായ സാഹചര്യങ്ങൾ അതിജീവിച്ചയാൾ പറയുന്നത് ഇതേ വാക്ക് തന്നെയാണ്. സമാധാനം എന്ന ചെറിയ വാക്കിന്റെ ആശയസംപുഷ്ടതയും അതിന്റെ ഗൗരവവും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിലും ശിഷ്യന്മാരിലൂടെയും പിന്നീടുള്ള അപ്പോസ്തലന്മാരിലൂടെയും വെളിപ്പെടുത്തുന്നത് ശ്രദ്ധേയമാണ്.

യേശുക്രിസ്തുവിന്റെ ജനനത്തിന് മുമ്പുള്ള ഇരുണ്ടകാലഘട്ടമെന്ന് വിശേഷിപ്പിക്കുന്ന ഏകദേശം നാനൂറ് സംവത്സരങ്ങളുടെ ചരിത്രത്തിൽ ഒരു മേഖലയും സ്വസ്ഥത അനുവദിച്ചിട്ടില്ല. മതവൈര്യം മൂർച്ഛിച്ചു പരസ്പരവിദ്വേഷങ്ങൾ വർദ്ധിച്ചു. സഭാ വാൾ അരയിൽ തൂക്കിയിട്ട സഞ്ചരിക്കുന്നവൻ സമൂഹത്തിൽ കാണുന്നു. ശരിയായ ദിശയിലുള്ള ദൈവിക കാഴ്ചപ്പാടുകളുടെ അപര്യാപ്തത അതിരൂക്ഷമായി. ഈ സാഹചര്യത്തിൽ സമൂഹത്തിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്ന ഏറ്റവും ഗൗരവമേറിയ വിഷയം സർവ്വശക്തനായ ദൈവം ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുമ്പോഴാണ്. ദൂതന്മാരുടെ പാട്ട് ലോകം കേൾക്കുന്നത്.

ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന പാട്ടിന്റെ ഈ രടികൾ ആട്ടിടയന്മാരെ ഉണർത്തി. അതിവേഗം അത് മദ്ധ്യപൂർവ്വമേഖലയുടെ ഹൃദയമിടിപ്പിന്റെ ഭാഗമായി. എന്തിനേറെ ലോകം മുഴുവനും ഇരുകൈകളും നീട്ടി ഏറ്റുവാങ്ങി. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ അടിത്തറയിട്ട ആദ്യ സന്ദേശം.

എന്താണ് മനുഷ്യന് അത്യാവശ്യമായിരുന്നതെന്ന് തിരിച്ചറിഞ്ഞ ദൈവം അത് അവന് ക്രിസ്തവിലൂടെ സമ്മാനിക്കുകയായിരുന്നു.

യേശു പറഞ്ഞു: "ഞാൻ നിങ്ങൾക്ക് സമാധാനം തരുന്നു. അത് ലോകം തരുന്നതുപോലെയല്ല. ഇവിടെത്തന്നെ സമാധാനം അനുഭവിക്കുന്നതിന്റെ വ്യത്യസ്തത ബോധ്യപ്പെടുത്തുന്നു.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷം അടച്ചിട്ടിരിക്കുന്ന മുറിയിൽ പ്രവേശിച്ച ശിഷ്യന്മാരുടെ നടുവിൽ നിന്നുകൊണ്ട് യേശു പറഞ്ഞു. നിങ്ങൾക്ക് സമാധാനം.

സുവിശേഷത്തിന്റെ അതിമഹത്തായ വാഗ്ദാനങ്ങളിൽ ഒന്നാണ് സമാധാനം. സുവിശേഷം സ്വീകരിക്കുന്നവർക്ക് സമാധാനം ഉള്ളടക്കം ചെയ്യപ്പെട്ടിട്ടുണ്ട്.

ലോകത്തിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഏതിടങ്ങളിലും സുവിശേഷത്തിന്റെ സ്വീകരണം ഉണ്ടാകണം. സുവിശേഷം അംഗീകരണം അതിനു അനുവാദമില്ലെങ്കിൽ സമാധാനപ്രവേശനത്തിന് തടസ്സം സൃഷ്ടിക്കുന്ന എന്നാണ് മനസ്സിലാക്കേണ്ടത്.


ഈ സമാധാനം ലോകത്ത് എല്ലാ മേഖലകളിലും പുനഃസ്ഥാപിക്കപ്പെടട്ടെ.

മദ്ധ്യപൂർവ്വേഷ്യയിൽ പ്രത്യേകിച്ച് ഇസ്രായേലിനോടുള്ള ബന്ധത്തിൽ സമാധാനത്തിന്റെ വഴി തുറന്നു കിട്ടാൻ പ്രത്യേകിച്ചുള്ള പ്രാർത്ഥനകൾ ഉയരട്ടെ.

സമാധാനം പ്രാപിച്ചു എന്നവകാശപ്പെടുന്ന സഭാസമൂഹത്തിന്റെ ഉള്ളിൽ അതിന്റെ തനിയർത്ഥത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകട്ടെയെന്നും ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടതുണ്ട്.

നമ്മുടെയിടയിൽ നിന്നുപോലും സമാധാനം കൈവിട്ടുപോയോ എന്ന സംശയിക്കത്തക്ക സാഹചര്യങ്ങളാണ് ഇപ്പോഴുള്ളത്. 'സമാധാനം' ഒഴിവാക്കി ഒരു സുവിശേഷവും അതിന്റെ സന്ദേശവും ഇല്ല എന്നതാണ് ഏറ്റവും ശ്രദ്ധേയമായത്. അതെ നമുക്ക് സമാധാനത്തിന് പുനഃസ്ഥാപനത്തിനായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

# ദയാവധം (യൂത്തനേഷ്യ) നടപ്പാക്കുമോ



ഡോ. മാത്യു ജോയിസ്
ലാസ് വേഗാസ്




എളുപ്പമുള്ളതോ വേദനയില്ലാത്തതോ ആയ മരണം, അല്ലെങ്കിൽ ഭേദപ്പെടുത്താനാവാത്ത അല്ലെങ്കിൽ വേദനാജനകമായ ഒരു രോഗം ബാധിച്ച ഒരു വ്യക്തിയുടെ അഭ്യർത്ഥന പ്രകാരം അയാളുടെ ജീവിതം മനഃപൂർവ്വം അവസാനിപ്പിക്കുക, എന്നതാണ് യൂത്തനേഷ്യ അഥവാ ദയാവധം എന്ന വാക്കു കൊണ്ട് വിവക്ഷിക്കുന്നത്. മറ്റൊരു വാക്കിൽ വളരെ അസുഖമുള്ളതോ വളരെ പ്രായമായതോ ആയ ഒരാളെ അവർ കൂടുതൽ കഷ്ടപ്പെടാതിരിക്കാൻ കൊല്ലുന്ന പ്രവൃത്തിയുടെ പര്യായമാണ് ദയാവധം. ഇതുവരെ ഇന്ത്യയിൽ ദയാവധം കുറ്റകരമാണ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐ.പി.സി) സെക്ഷൻ 309 ആത്മഹത്യാശ്രമവും ഐ.പി.സിയുടെ സെക്ഷൻ 306 ആത്മഹത്യാ പ്രേരണയും പ്രതിപാദിക്കുന്നു, ഇവ രണ്ടു പ്രവൃത്തികളും ശിക്ഷാർഹമാണ്. മസ്തിഷ്ക മരണം സംഭവിച്ചവർക്ക് കുടുംബാംഗങ്ങളുടെ സഹായത്തോടെ ജീവൻ നിർത്താൻ കഴിയും.

സുഖം പ്രാപിക്കുന്നതിനുള്ള സാധ്യതയില്ലാത്ത അന്ത്യരംഗത്തിൽ കഴിയുന്ന രോഗികൾക്ക്, അവരെ മരിക്കാൻ അനുവദിക്കുന്നത് ഭാവിയിലെ അനാവശ്യവും വ്യർത്ഥവുമായ ചികിത്സാ ശ്രമങ്ങളെ തടയുന്നു എന്നാണ്,

ദയാഹത്യയുടെ നേട്ടം എന്ന് ദയാഹത്യയുടെ വക്താക്കൾ വാദിക്കുന്നു.

അവർ കഷ്ടപ്പെടുകയാണെങ്കിൽ, അവരെ കൊല്ലുന്നത് കൂടുതൽ കഷ്ടപ്പാടുകൾ തടയുന്നു. 2018ൽ സുപ്രീം കോടതി അന്തസ്സോടെ മരിക്കാനുള്ള അവകാശത്തെ മൗലികാവകാശമായി അംഗീകരിക്കുകയും മാരകരോഗികൾക്ക് അവകാശം നടപ്പിലാക്കാൻ മാർഗനിർദേശങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അന്തസ്സോടെ മരിക്കാനുള്ള അവകാശം കൂടുതൽ പ്രാപ്യമാക്കുന്നതിന് 2023ൽ സുപ്രീം കോടതി മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തി.

വ്യത്യസ്ത രാജ്യങ്ങളിൽ ദയാവധ നിയമങ്ങൾ വ്യത്യസ്തമാണ്. ബ്രിട്ടീഷ് ഹൗസ് ഓഫ് ലോർഡ്സ് സെലക്ട് കമ്മിറ്റി ഓഫ് മെഡിക്കൽ എത്തിക്സ് ദയാവധത്തെ നിർവചിക്കുന്നത് 'അചഞ്ചലമായ ദുരിതങ്ങളിൽ നിന്ന് മോചനം നേടുന്നതിനായി ഒരു ജീവിതം അവസാനിപ്പിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ നടത്തിയ ബോധപൂർവമായ ഇടപെടൽ' എന്നാണ്. ദയാവധത്തെ സ്വമേധയാ ഉള്ളതും, സ്വമേധയാ അല്ലാത്തതും ഉൾപ്പെടുന്ന വ്യത്യസ്ത രീതികളിൽ തരം തിരിച്ചിരിക്കുന്നു. വോളണ്ടറി ദയാവധം എന്നത്, ഒരു വ്യക്തി തന്റെ ജീവിതം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നത് പല രാജ്യങ്ങളിൽ നിയമപരവുമാണ്. ഒരു രോഗിയുടെ സമ്മതം ലഭ്യമല്ലാത്തതും ചില രാജ്യങ്ങളിൽ ചില പരിമിതമായ വ്യവസ്ഥകളിൽ, സജീവവും നിഷ്ക്രിയവുമായ രൂപങ്ങളിൽ നിയമപരമാകുമ്പോഴാണ് നോൺ വോളണ്ടറി ദയാവധം സംഭവിക്കുന്നത്. സമ്മതം ചോദിക്കാതെയോ രോഗിയുടെ ഇഷ്ടത്തിന് വിരുദ്ധമായോ ചെയ്യുന്ന സ്വമേധയാ ദയാവധം എല്ലാ രാജ്യങ്ങളിലും നിയമവിരുദ്ധമാണ്, സാധാരണയായി അത് കൊലപാതകമായി കണക്കാക്കപ്പെടുന്നു.

ഡോക്ടറുടെ സഹായത്തോടെ ദയാവധം നടത്തുന്നത് നിയമവിധേയമാക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കുവാൻ ബ്രിട്ടീഷ് പാർലമെന്റിൽ നീക്കം നടക്കുന്നതിനിടെ ജീവന് വേണ്ടി പോരാട്ടവുമായി യുകെ മലയാളികൾ ഉൾപ്പെടെ നിരവധി പേർ രംഗത്ത്. മാരകരോഗികൾക്ക് ജീവിതാവസാനം 'തിരഞ്ഞെടുക്കുവാൻ' അവസരം എന്ന പേരിൽ അവതരിപ്പിക്കുന്ന ബിൽ എംപി കിം ലീഡ്ബീറ്റർ ഒക്ടോബർ 16ന് അവതരിപ്പിക്കുവാനിരിക്കെ ഇതിനെതിരെ സോഷ്യൽ മീഡിയയിൽ വിമർശനം ഉയരുകയാണ്. പാർലമെന്റംഗങ്ങൾ വിഷയം ചർച്ച ചെയ്യും. നിയമം പ്രാബല്യത്തിൽ വന്നാൽ ഇംഗ്ലണ്ടിലും വെയിൽസിലും ദയാവധത്തിന് പൂർണ്ണ അനുമതി നൽകുമെന്നതാണ് ആശങ്കയ്ക്കു കാരണമാകുന്നത്.

ജിയാൻ കൗർ കേസിൽ ഭരണഘടനാ ബെഞ്ച് മുമ്പ് നടത്തിയതുപോലെ, അന്തസ്സോടെ മരിക്കാനുള്ള അവകാശം മൗലികാവകാശമാണെന്ന് കോടതി വീണ്ടും ഉറപ്പിച്ചു, അറിവോടെയുള്ള തീരുമാനമെടുക്കാനുള്ള മാനസിക ശേഷിയുള്ള മുതിർന്ന മനുഷ്യന് ജീവൻ നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ചികിത്സയോ മെഡിക്കൽ സൗകര്യങ്ങൾ നിരസിക്കാനുമുള്ള അവകാശമുണ്ടെന്ന് വിധിച്ചു.

ഇന്ത്യയിൽ 2023 മെയ് 19ന് പുറത്തിറക്കിയ ദയാഹത്യ നടപ്പാക്കുന്നതിനുള്ള പുതുക്കിയ കരട് മാർഗനിർദ്ദേശങ്ങൾ സുപ്രീം കോടതി പരിഗണിക്കുന്നത് സ്വാഗതാർഹമായ നീക്കമാണ്. 72 മണിക്കൂറിന് ശേഷവും മസ്തിഷ്ക മരണത്തിൽ നിന്ന് കരകയറാൻ കഴിയാത്ത രോഗികളും ഇതിൽ ഉൾപ്പെടുന്നു.

ഇക്കഴിഞ്ഞ വിധിയിൽ സുപ്രീം കോടതിയും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. കുലീനരായ മെഡിക്കൽ പ്രൊഫഷണലുകളുടെ കൈകളിൽ 'ദയാഹത്യ' ആയുധമാക്കി 'ദയയെ കൊല്ലാൻ' ഇടയാക്കരുത്. അവിടെ വ്യക്തികളെ നിർബന്ധിച്ച് അല്ലെങ്കിൽ കൃത്രിമമായി മരണം തിരഞ്ഞെടുക്കാം എന്നതാണ്.

ദയാഹത്യ ദുരുപയോഗത്തിനുള്ള പ്രധാന കാരണവും സാധ്യതയുമെന്നു വാദിക്കുന്നു. ഒരു പ്രതീക്ഷയും ഇല്ലെങ്കിൽ, ഓരോ ശ്വാസത്തിലും ആ വ്യക്തി കഷ്ടപ്പെടുന്നുവെങ്കിൽ, നാം എന്തിനാണ് അവരെ സഹിക്കാൻ അനുവദിക്കുന്നത്? അത് ക്രൂരതയല്ലേ?


നിങ്ങൾ ഹോസ്പിസ് വിളിക്കുമ്പോൾ, കടന്നുപോകുന്നതുവരെ അവർ ആ രോഗിയെ കോമയിലൂടെ കിടന്നു പോകാൻ ദുഷ്കരമായ ഒരവസ്ഥ സൃഷ്ടിച്ചു കൊടുക്കുകയാണ്.

## വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫറൻസ് കാൽഗറിയിൽ

- പാസ്റ്റർ ജോസഫ് അലക്സാണ്ടർ കോർഡിനേറ്റർ, പാസ്റ്റർ ജോസഫ് മാത്യു സെക്രട്ടറി, ജെസ്റ്റി കാട്ടിലേത്ത്ട്രഷറർ, പാസ്റ്റർ എൽദോ മേപ്പാലയിൽ ജോയിന്റ് സെക്രട്ടറി,സാബു അലക്സാണ്ടർ ജോയിൻറ് ട്രഷറർ,പാസ്റ്റർ ബിനോജ് എബ്രഹാം യൂത്ത് കോർഡിനേറ്റർ





**കാൽഗറി:** കാനഡയുടെയും അമേരിക്കയുടെയും പടിഞ്ഞാറൻ പ്രവിശ്യകളിൽ വിവിധ പട്ടണങ്ങളിൽ ചിതറി പാർക്കുന്ന പെന്തെക്കോസ്ത് വിശ്വാസികളുടെ ഒരേയൊരു സംയുക്ത സമ്മേളനമായ വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫറൻസ് (Western Pentecostal Conference) അടുത്ത വർഷം ജൂലൈ മാസം പത്താം തീയതി മുതൽ പതിമൂന്നാം തീയതി വരെ നടത്തുവാൻ കാൽഗറി പട്ടണത്തിലുള്ള പെന്തെക്കോസ്ത് സഭകളുടെ സംയുക്ത യോഗത്തിൽ തീരുമാനമായി.

പാസ്റ്റർ ജോസഫ് അലക്സാണ്ടർ, പാസ്റ്റർ ജോസഫ് മാത്യു, ബ്രദർ ജെസ്റ്റി കാട്ടിലേത്ത് (സഞ്ജു) എന്നിവരെ യഥാക്രമം കോൺഫറൻസിന്റെ കോർഡിനേറ്റർ, സെക്രട്ടറി, ട്രഷറർ പദവികളിലേക്ക് നാമനിർദ്ദേശം ചെയ്തു. ഈ കോൺഫറൻസിന്റെ ജോയിൻറ് സെക്രട്ടറിയായി പാസ്റ്റർ എൽദോ മേപ്പാലയിലും, ജോയിൻറ് ട്രഷറർ ആയി ബ്രദർ സാബു അലക്സാണ്ടറും നിയമിതരായി.

ഇത് കൂടാതെ വിവിധ വകുപ്പുകളിലേക്കുള്ള കോർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും, വരും ദിവസങ്ങളിൽ കോൺഫറൻസിന്റെ മറ്റു കാര്യങ്ങളെ കുറിച്ചുള്ള തീരുമാനങ്ങൾ ഈ പട്ടണത്തിലെ ദൈവദാസന്മാർ ഒത്തുചേർന്ന് എടുക്കുമെന്ന് പാസ്റ്റർ ജോസഫ് അലക്സാണ്ടർ അറിയിച്ചു. കോൺഫറൻസിന്റെ ആദ്യ തയ്യാറെടുപ്പ് യോഗത്തോടനുബന്ധിച്ച് റിവർ റോക്ക് ചർച്ചിൽ കടന്ന് വന്ന എല്ലാ ദൈവദാസന്മാർക്കും ദൈവമക്കൾക്കും പാസ്റ്റർ ജോസഫ് അലക്സാണ്ടർ നന്ദി അറിയിച്ചു.

## 2025ൽ മെഡികെയർ പാർട്ട് ബി പ്രീമിയങ്ങൾ വർദ്ധിക്കുന്നു

ന്യൂയോർക് : മെഡികെയർ പാർട്ട് ബി ഉള്ള മുതിർന്ന പൗരന്മാർ അടുത്ത വർഷം ആരോഗ്യ സംരക്ഷണത്തിനായി കൂടുതൽ പണം നൽകേണ്ടിവരും

മെഡികെയർ, മെഡികെയ്ഡ് സേവനങ്ങൾക്കായുള്ള കേന്ദ്രങ്ങൾ മെഡികെയർ പാർട്ട് ബി പ്രീമിയങ്ങൾ പ്രഖ്യാപിച്ചു, വാർഷിക കിഴിവ് 2025ൽ വർദ്ധിക്കും. പതിവ് സ്ക്രീനിംഗ്, ഹോം ഹെൽത്ത് കെയർ, ഡോക്ടർ സന്ദർശനങ്ങൾ, ഔട്ട്പേഷ്യന്റ് സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന മെഡികെയർ പാർട്ട് ബിയുടെ പ്രതിമാസ പ്രീമിയം ●185 ആയി ഉയരും. 10.30 ഡോളറിന്റെ വർദ്ധനവ്.

AARP പ്രകാരം, 106,000 ഡോളറിൽ കൂടുതൽ വാർഷിക വ്യക്തിഗത വരുമാനമുള്ള പാർട്ട് ബി ഗുണഭോക്താക്കൾ അവർ എത്രമാത്രം സമ്പാദിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി സാധാരണ പ്രീമിയത്തേക്കാൾ കൂടുതൽ നൽകും. വരുമാനവുമായി ബന്ധപ്പെട്ട പ്രതിമാസ ക്രമീകരണങ്ങൾ പാർട് ബി ഇൻഷുറൻസ് ഉള്ള ഏകദേശം 8% ആളുകളെ ബാധിക്കുമെന്ന് ഗ്രൂപ്പ് പറഞ്ഞു.

മെഡികെയർ പാർട്ട് ബി ഗുണഭോക്താക്കൾക്കുള്ള വാർഷിക കിഴിവ് ●240 ൽ നിന്ന് ●257 ആയി മാറും. കിഴിവ് ലഭിക്കുന്നതിന് ശേഷം, ഗുണഭോക്താക്കൾ സാധാരണയായി ഓരോ മെഡികെയർ സേവനത്തിനും അല്ലെങ്കിൽ ഇനത്തിനും ചെലവിന്റെ 20% നൽകും. സെന്റേഴ്സ് ഫോർ മെഡികെയർ ആൻഡ് മെഡികെയ്ഡ് സർവീസസ് പറഞ്ഞു. മെഡികെയർ പാർട്ട് എ വിലയും വർദ്ധിക്കുന്നു. 99% ഗുണഭോക്താക്കളും പാർട്ട് എ യുടെ പ്രതിമാസ പ്രീമിയം അടയ്ക്കുന്നില്ല, എന്നാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്ക് കിഴിവുകൾ ഉണ്ട്. ആ കിഴിവ് ●44 വർധിച്ച് ●1,676 ആയി വർദ്ധിക്കും.

**പി.പി. ചെറിയാൻ**

## ഓസ്ട്രേലിയൻ യുണൈറ്റഡ് പെന്തെക്കോസ്തൽ ചർച്ചസ്(AUPC) നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി

മെൽബൺ: ഓസ്ട്രേലിയയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഓസ്ട്രേലിയൻ യുണൈറ്റഡ് പെന്തെക്കോസ്തൽ ചർച്ചസ്, AUPC യുടെ 2024-2025 വർഷത്തേക്കുള്ള നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ ജസ്റ്റിൻ മാത്യൂസ് (ബ്രെസ്ബെയിൻ), വൈസ് പ്രസിഡന്റ് പാസ്റ്റർ റോയി സാമുവൽ (മെൽബൺ), സെക്രട്ടറി ഇവാഞ്ചലിസ്റ്റ് ടോണി ഫിലിപ്പ് (സിഡ്നി), ട്രഷറർ ഇവാഞ്ചലിസ്റ്റ് എൽദോസ് വർക്കി (സിഡ്നി) തുടങ്ങി ഇരുപത്തിഒമ്പത് പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും എയുപിസി പ്രവർത്തിക്കുന്നത്. നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക എന്ന ആപ്തവാക്യവുമായി 2012ൽ സ്ഥാപിതമായ ഫെലോഷിപ്പ്, ദൈവദാസന്മാർക്കും വിശ്വാസികൾക്കും ഒരുപോലെ പിന്തുണ നൽകി യുവാക്കൾക്ക് ആത്മീയവളർച്ച നേടാനുള്ള അവസരങ്ങൾ നൽകുന്നു.

# ജേഴ്‌സി സിറ്റിയിൽ ശാന്തിഗ്രാം വെൽനെസ് കേരള ആയുർവേദ പ്രവർത്തനമാരംഭിച്ചു

**ജോയിച്ചൻപുതുക്കുളം**

**ന്യൂജേഴ്‌സി:** അമേരിക്കയിൽ ആയുർ വേദത്തിനു പുതിയ മേൽവിലാസം സൃഷ്ടിച്ചു മുന്നേറുന്ന ശാന്തിഗ്രാം വെൽനസ് കേരള ആയുർവേദ ജേഴ്‌സി സിറ്റിയിൽ പുതിയ കേന്ദ്രം ആരംഭിച്ചു. ന്യു ജേഴ്‌സി സ്റ്റേറ്റ് സെനറ്റർ രാജ് മുഖർജി, ജേഴ്‌സി സിറ്റി മേയർ സ്റ്റീവൻ ഫുലോപ്പ് എന്നിവരുൾപ്പെടെയുള്ള ന്യൂജേഴ്‌സിയിലെ പ്രമുഖ നേതാക്കൾ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

കേരള ആയുർവേദ ചികിത്സകൾ ന്യൂജേഴ്‌സിയിലേക്ക് കൊണ്ടുവരുന്നതിലുള്ള ശാന്തിഗ്രാമിന്റെ പങ്കിനെ സെനറ്റർ മുഖർജി അഭിനന്ദിച്ചു. ആയുർവേദത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള സമർപ്പണത്തിന് ശാന്തിഗ്രാമിന്റെ സ്ഥാപകനും പ്രസിഡന്റും സിഇഒയുമായ ഡോ. ഗോപിനാഥൻ നായരെ അംഗീകരിക്കുന്ന സംസ്ഥാന സെനറ്റിന്റെയും അസംബ്ളിയുടെയും സംയുക്ത പ്രമേയം അദ്ദേഹം വായിച്ചു.

മേയർ സ്റ്റീവൻ എം. ഫുലോപ്പും കൗൺസിൽ അംഗങ്ങളും ഇൻസ്‌പെക്ടർ ഉസ്മാനി ഗനിയും പുതിയ സംരംഭത്തിന് ആശംസകൾ നേർന്നു. ശാന്തിഗ്രാമിന് സിറ്റിയുടെ എല്ലാവിധ പിന്തുണയും ഉറപ്പുനൽകുകയും ചെയ്തു. പരിപാടിയിൽ പങ്കെടുത്ത ഉപഭോക്താക്കൾ ശാന്തിഗ്രാമിന്റെ ചികിത്സകളിൽ നിന്ന് അവർക്കുണ്ടായ നേട്ടങ്ങളും രോഗശാന്തിയടക്കമുള്ള അനുഭവങ്ങളും സാക്ഷ്യപ്പെടുത്തി. ആരോഗ്യത്തിനും ക്ഷേമത്തിനും ആയുർവേദ ചികിത്സകൾക്കുള്ള സ്വാധീനം അടിവരയിടുന്ന ഇക്കാര്യങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട്, ഡോ. ഗോപിനാഥൻ നായർ തന്റെ ഉദ്യമത്തെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസം പങ്കുവെച്ചു. യോഗയ്ക്കും ആയുർവേദത്തിനും ആവശ്യക്കാർ ഏറെയുള്ള ന്യൂയോർക്ക് സിറ്റിക്കു സമീപത്തുള്ള ഈ കേന്ദ്രം ഒരു നാഴികക്കല്ലാകുമെന്ന പ്രത്യാശയും അദ്ദേഹം പ്രകടിപ്പിച്ചു.

ജേർണൽ സ്‌ക്വയർ പാത്ത് ട്രെയിൻ സ്റ്റേഷന് സമീപം സ്ഥിതിചെയ്യുന്ന ഈ പുതിയ കേന്ദ്രം, അമേരിക്കയിലും പുറത്തും ലോക ആയുർവേദ ദിനം ആഘോഷിക്കുന്ന സമയത്തുതന്നെ പ്രവർത്തനസജ്ജമാക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് ശാന്തിഗ്രാമിന്റെ അമരക്കാരനായ ഡോ. ഗോപിനാഥൻ നായർ അഭിപ്രായപ്പെട്ടു. അയ്യായിരം വർഷം പഴക്കമുള്ള ആയുർവേദ ശാസ്ത്രത്തെ ആരോഗ്യരംഗത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശാന്തിഗ്രാമിന്റെ ദൗത്യത്തിലെ ഒരു സുപ്രധാന ചുവടുവെയ്പ്പായിരിക്കും ഇത്.

ന്യൂജേഴ്‌സിയിലെ ഹാമിൽട്ടണിൽ ഉടൻ തന്നെ ആരംഭിക്കുന്ന കേന്ദ്രത്തിന്റെയും വിപുലീകരണ പദ്ധതിയുടെയും ഭാഗമാണ് ന്യൂയോർക്കിലെ മൻഹാട്ടന് സമീപം സ്ഥിതി ചെയ്യുന്ന ജേഴ്‌സി സിറ്റിയിലെ ശാന്തിഗ്രാം കേന്ദ്രം. ഈ വിപുലീകരണം ഒരു പ്രമുഖ ദേശീയ ആയുർവേദ കമ്പനി എന്ന നിലയിലുള്ള ശാന്തിഗ്രാമിന്റെ സ്ഥാനം ഊട്ടിയുറപ്പിക്കുന്നതോടൊപ്പം സമഗ്രവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ തെറപ്പികൾ വാഗ്ദാനം നൽകുകയും ചെയ്യുന്നു. മസ്കുലോസ്കലെറ്റൽ ഡിസോർഡേഴ്‌സ്, ജീവിതശൈലി അവസ്ഥകൾ, വയോജന പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

'ആയുർവേദ മന്ത്ര' എന്ന ടിവി ഏഷ്യ സീരീസ് ഹോസ്റ്റ് ചെയ്ത ലോകപ്രശസ്ത ആയുർവേദ വിദഗ്ധയും ശാന്തിഗ്രാമിന്റെ ചീഫ് കൺസൽട്ടന്റുമായ ഡോ. അംബിക നായരുടെ സേവനം അപ്പോയ്ന്റ്മെന്റ് എടുത്താൽ ശാന്തിഗ്രാം വെൽനെസ് സെന്ററിൽ ലഭിക്കുന്നതാണ്. സ്‌പെഷ്യലൈസ്ഡ് വെൽനസ് സേവനങ്ങളാണ് ശാന്തിഗ്രാമിന്റെ സവിശേഷതകളിലൊന്ന്. 24/7 ആയുർവേദ വെൽനസ് കൺസൽട്ടേഷൻ പ്ലാറ്റ്‌ഫോം സജ്ജീകരിച്ചിട്ടുമുണ്ട്. ശാന്തിഗ്രാം വെൽനസിന് ഫ്രാഞ്ചൈസി നൽകുന്നതിന് ഫെഡറൽ അംഗീകാരമുണ്ടെന്നും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ഫ്രാഞ്ചൈസി മാതൃകയിൽ ശാന്തിഗ്രാം വെൽനസ് സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടെന്നും ഡോ. ഗോപിനാഥൻ നായർ അറിയിച്ചു.

**കൂടുതൽ വിവരങ്ങൾക്ക്:**

ശാന്തിഗ്രാം വെൽനസ് കേരള ആയുർവേദ, 1681 സ്റ്റേറ്റ് റൂട്ട് 27, എഡിസൺ ന്യൂജേഴ്‌സി 08817 എന്ന വിലാസത്തിലോ +17329158813 എന്ന നമ്പറിലോ ബന്ധപ്പെടാം.

ഇമെയിൽ:
info@santhigram.com.
വെബ്സൈറ്റ് :
www.santhigram.com

# ഡാളസ് സെന്റ് പോൾസ് മാർത്തോമാ ചർച്ച് ലോകസൺഡേ സ്‌കൂൾദിനം ആഘോഷിച്ചു



മെസ്‌കിറ്റ്(ഡാളസ്): ലോക സൺഡേ സ്കൂൾ ദിനം ഡാളസ് സെന്റ് പോൾസ് മാർത്തോമാ ചർച്ചിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. നവംബര് 3 ഞായറാഴ്ച രാവിലെ പത്തുമണിക്ക് ദേവാലയ പരിസരത്തു സൺഡേ സ്കൂൾ വിദ്യാർത്ഥികൾ അണിനിരന്ന റാലിക്കു ലീന പണിക്കർ, തോമസ് ഈശോ, ജോതം സൈമൺ എന്നിവർ നേതൃത്വം നൽകി.

തുടർന്ന് ദേവാലയത്തിനകത്തു പ്രവേശിച്ചശേഷം വിശ്വാസികൾക്ക് അഭിമുഖമായി ഒത്തുകൂടിയ വിദ്യാർത്ഥികൾ ക്വയർ മാസ്റ്റർ ശ്രീമതി സുബി കൊച്ചമ്മയുടെ നേത്രത്വത്തിൽ 'നന്മയിൻ ദീപം തെളിയുകയായി' എന്ന ഉദ്ഘാടന ഗാനം ഗാനമാലപിച്ചു.

ലോക സൺഡേ സ്കൂൾ ദിനം പ്രത്യേക ആരാധനക്കു വികാരി റവ ഷൈജു സി ജോയിക്കൊപ്പം ശ്രീമതി ജാനറ്റ് ഫിലിപ്പ്, ശ്രീ രോഹൻ ചേലഗിരി, & മിസ് ലിയ തരിയൻ എന്നിവർ നേത്രത്വം നൽകി.തുടർന്ന് നടന്ന വിശുദ്ധകുർബാനകു റവ ഷൈജു സി ജോയി മുഖ്യ കാർമീകത്വം വഹിച്ചു. മിസ്റ്റർ അബിയൻ അലക്സ്, മിസ്റ്റർ ജേഡൻ ജേക്കബ് എന്നിവർ സഹകാർമീകരായിരുന്നു. ഏബൽ ചാക്കോ, മിസ്. ക്രിസ്റ്റീൻ അലക്സ് എന്നിവർ നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. മിസ്. ടിങ്കിൾ ടോബി സന്ദേശം നൽകി. എലീജ റിനു തോമസ് പ്രാർത്ഥിച്ചു.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ ശ്രീമതി ലീ മാത്യു ഉദ്ഘാടന പ്രസംഗം നിർവഹിച്ചു.

സൺഡേ സ്കൂളിലെ അധ്യാപകർക്ക് തുടർച്ചയായ മൂന്ന് വര്ഷത്തിനുള്ള സേവനത്തിനു റവ. ഷൈജു സി. ജോയ്, ശ്രീമതി ബിനി ടോബി, ശ്രീമതി രേഷ്മ ജെഹോഷ് എന്നിവർ ചേർന്നു അവാർഡുകൾ നൽകി ആദരിച്ചു.

ഭദ്രാസനാടിസ്ഥാനത്തിൽ ലഭിച്ച മെറിറ്റ് അവാർഡുകളുടെ വിതരണവും നിർവഹിച്ചു.റവ.ഷൈജു സി.ജോയ് അച്ചന്റെ പ്രാർത്ഥനയോടെ ആഘോഷങ്ങൾ സമാപിച്ചു.

**പി.പി. ചെറിയാൻ**